# ആമുഖം

بسم الله الرحمن الرحيم

الحمد لله الذي هدانا بالقرآن العظيم والصلاة والسلام علـــى مـــن أرســـله لتبليغ القرآن وبيانه خاتم الأنبياء والمرسلين وعلى آله وصحابته أجمعين

أما بعد،

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ വളരെ പ്രാധാന്യ പൂർവ്വം ഖുർആനും ഹദീസും പരിചയപ്പെടുത്തിയ വിഷയമാണ് സകാത്ത് അഥവാ നിർബന്ധ ദാനം. ഒരാൾ മുസ്‌ലിമാകുന്നതോടു കൂടി തന്റെ ജീവിതത്തിന്റെ എല്ലാ മേഖലയും വിമലീകരിക്കപ്പെടേണ്ടതുണ്ട് എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. അതിൽ മനുഷ്യ നിലനിൽപ്പിന്റെ നിദാനം എന്ന് ഖുർആൻ പരിചയപ്പെടുത്തിയ ധനത്തിന് വലിയ സ്ഥാനമാണ് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്.

കാരണം സമ്പത്ത് മനുഷ്യനെ പരീക്ഷിക്കുന്നതിന് വേണ്ടി പ്രത്യേകമായി കണ്ടെത്തിയ ശോധകം കൂടിയാണ് എന്ന് നബി(ﷺ) പറയുകയും ചെയ്തിട്ടുള്ളതാണ്.

إنّ لِكُلِّ أمَّةٍ فِتْنَةٌ وَفِتْنَةُ أُمَّتِي الْمَالْ (صحيح الترمــذي للألبــاني 569/4 رقم : 2336)

''നിശ്ചയം എല്ലാ ഓരോ സമുദായത്തിനും ഓരോ പരീക്ഷണ (കാരണ)ങ്ങളുണ്ട്; എന്റെ സമുദായത്തിന്റെ പരീക്ഷണമാണ് ധനം''[1]

[1] അൽബാനിയുടെ സ്വഹീഹ് തിർമിദി 4/569 നമ്പർ: 2336



ഇന്ന് ധനത്തിന്റെ വിഷയത്തിലാണ് ജനങ്ങൾ ഏററവും കൂടുതൽ നിയമലംഘനം നടത്തിക്കൊണ്ടിരിക്കുന്നത് എന്നതും ഏറെ ഖേദകരമാണ്. അല്ലാഹു നൽകിയ മററെല്ലാ അനുഗ്രഹങ്ങളേക്കാളുമധികം ശ്രദ്ധ ചെലുത്തേണ്ടതായ വിഷയം ധനമാണെന്നാണ് പ്രവാചക വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. കാരണം ധനം എങ്ങിനെ നമ്മുടെ കൈളിൽ വന്നു എന്നതിനും എങ്ങിനെ വിനിമയം ചെയ്തു എന്നതിനും നാം പ്രത്യേകം പ്രത്യേകം ഉത്തരം കണ്ടെത്തേണ്ടതാണ്.

പരലോകത്ത് നടക്കാനിരിക്കുന്ന വിചാരണയിൽ അഭിമുഖീകരിക്കാനിക്കുന്ന ചോദ്യങ്ങളിൽ നബി(ﷺ) ഇപ്രകാരം പറഞ്ഞത് കാണാം:

لاَ تَزُولُ قدمَا عَبْدٍ يَوْمُ الْقِيَامَةِ حَتَى يُسْأَلَ عَنْ أَرْبَعَ خِصَالٍ عَــنْ عُمْرِهِ فِيمَ أَفْنَاهُ وَعَنْ شَبَابِهِ فِيمَ أَبْلاَهُ وَعَنْ مَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَ أَنْفَقَهُ وَعَنْ عِلْمِهِ مَاذَا عَمِلَ بِهِ (رواه الطبراني والــصحيح الجامع للألباني 7299)

''നാല് കാര്യങ്ങൾ ചോദ്യം ചെയ്യപ്പെടുകയും അതിന് ഉത്തരം നൽകുകയും ചെയ്ത ശേഷമല്ലാതെ, അന്ത്യനാളിൽ ഒരാളുടേയും കാൽപാദങ്ങൾ മുന്നോട്ട് ചലിപ്പിക്കാൻ കഴിയുകയില്ല; അവന്റെ ആയുസ്സിനെക്കുറിച്ച് അത് എങ്ങിനെ നശിപ്പിച്ചു, അവന്റെ യുവത്വത്തെക്കുറിച്ച് അത് എങ്ങിനെ തുലച്ചു, അവന്റെ ധനത്തെക്കുറിച്ച് അത് എവിടെനിന്ന് സമ്പാദിച്ചു എന്തിൽ

ചിലവഴിച്ചു, അവൻെറ അറിവിനെ സംബന്ധിച്ച് അതു കൊണ്ട് എന്ത് പ്രവർത്തിച്ചു എന്നിവയാണവ.''[1]

അത്കൊണ്ട് ഇസ്ലാമിലെ നിർബന്ധദാനമായ സകാത്തിനെ സംബന്ധിച്ചുള്ള ഒരു സംക്ഷിപ്ത വിവരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

തെററുകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. അബദ്ധങ്ങൾ കാണുന്നവർ സഹോദര ബുദ്ധിയോടെ ചൂണ്ടിക്കാണിക്കണമെന്ന് ഉണർത്തുന്നു. അവരോട് എന്നും നന്ദിയുള്ളവനായിരിക്കും.

ഇതിൻെറ പരിശോധനയിലും മററും എന്നെ സഹായിച്ച പലരുമുണ്ട്. അവർക്കും അല്ലാഹു മതിയായ പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സകാത്തിനെക്കുറിച്ച് മനസ്സിലാക്കാനും ജീവിതത്തിൽ പകർത്തുവാനും ഇത് പ്രയോജനപ്പെടുമാറാകട്ടെ. എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളുടെ കൈകളിലേക്ക് ഏൽപ്പിക്കുന്നു. പടച്ചവൻ സൽക്കർമ്മമായി ഇത് സ്വീകരിക്കുമാറാകട്ടെ (ആമീൻ)

അബ്ദുൽലത്തീഫ് സുല്ലമി മാറഞ്ചേരി,
ഇസ്ലാമിക് ഗൈഡൻസ് സെൻറർ സുലൈ
റിയാദ്, സൗദി അറേബ്യ 2414488/226.

[1] ത്വബ്റാനി. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 7299.



# സകാത്ത്

സകാത്ത് എന്ന പദത്തിന് വളർച്ച, അനുഗ്രഹം, ശുദ്ധീകരണം വർദ്ധനവ് എന്നൊക്കെയാണ് ഭാഷാർത്ഥം.
ഇസ്ലാമിൻെറ സാങ്കേതികാർത്ഥ പ്രകാരം താഴെ പറയുന്ന നിർവ്വചനം നൽകാവുന്നതാണ്:

'ചില നിബന്ധനകൾക്ക് വിധേയമായി ഒരാളുടെ ധനത്തിൽ നിന്നും പ്രത്യേകമായ വിഭാഗങ്ങളിൽ മാത്രം ചിലവഴിക്കപ്പെടേണ്ടുന്ന നിർബന്ധദാനം' എന്നാണ്.

നബി(ﷺ)യുടെ മദീന ജീവിതകാലഘട്ടത്തിൽ ഹിജ്റ രണ്ടാം വർഷമാണ് സകാത്ത് നിർബന്ധമാക്കപ്പെട്ടത്.

ഇസ്ലാമിൻെറ പ്രതിജ്ഞാ പ്രഖ്യാപനമായ ശഹാദത്ത് കലിമ അംഗീകരിച്ച് മുസ്ലിമാകുന്നതോടുകൂടി നിർവ്വഹിക്കപ്പെടേണ്ടതായ നമസ്കാരത്തോടു കൂടി അല്ലാഹു ചേർത്തു പറഞ്ഞതായ വിഷയമാണ് സകാത്ത് എന്നത് തന്നെ അതിൻെറ പ്രാധാന്യത്തെയാണ് വിളിച്ചറിയിക്കുന്നത്.

ഒരു മനുഷ്യൻ സ്രഷ്ടാവിനു വേണ്ടി നിർവ്വഹിക്കുന്ന ആരാധനകളോടൊപ്പം സൃഷ്ടികളോടും പൂർത്തീകരിക്കേണ്ടതായ കടപ്പാടുകളുണ്ട്. അവയിൽ മുഖ്യമായ ഇനമാണ് സകാത്ത്.

## സകാത്ത് പൂർവ്വ സമുദായങ്ങളിൽ

ലോകത്ത് കഴിഞ്ഞുപോയ മുൻ തലമുറകളിലേക്ക് നിയോഗിക്കപ്പെട്ടിരുന്ന പ്രവാചകന്മാരിലൂടെയും അല്ലാഹു സകാത്ത് നൽകാൻ ചുമതലപ്പെടുത്തിയിരുന്നതായി കാണാം. താഴെ പറയുന്ന ഖുർആൻ വചനങ്ങളിലൂടെ ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്.

وَإِذْ أَخَذْنَا مِيثَاقَ بَنِي إِسْرَائِيلَ لاَ تَعْبُدُونَ إِلاَّ اللّهَ وَبِالْوَالِدَيْنِ إِحْسَاناً وَذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَقُولُواْ لِلنَّاسِ حُسْناً وَأَقِيمُواْ الصَّلاَةَ وَآتُواْ الزَّكَاةَ (83) سورة البقرة

''അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്, മാതാ പിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നിങ്ങൾ നന്മ ചെയ്യണം, ജനങ്ങളോട് നല്ല വാക്ക് പറയണം, നമസ്കാരം കൃത്യമായി നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യണം എന്നെല്ലാം ഇസ്റായീല്യരോട് നാം കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക).''[1]

ഇബ്റാഹീം, ലൂത്, ഇസ്ഹാഖ്, യഅ്ഖൂബ് (ഠ) എന്നീ പ്രവാചകന്മാരെ സംബന്ധിച്ച് പറഞ്ഞ ശേഷം അല്ലാഹു പറയുന്നത് കാണുക:

وَجَعَلْنَاهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا وَأَوْحَيْنَا إِلَيْهِمْ فِعْلَ الْخَيْرَاتِ وَإِقَامَ الصَّلَاةِ وَإِيتَاء الزَّكَاةِ وَكَانُوا لَنَا عَابِدِينَ (73) سورة الأنبياء

[1] സൂറ ബഖറ : 83



''അവരെ നാം നമ്മുടെ കൽപ്പനപ്രകാരം മാർഗ്ഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ നിർവ്വഹിക്കണമെന്നും, നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കണമെന്നും, സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെ മാത്രമായിരുന്നു അവർ ആരാധിച്ചിരുന്നതും.''[1]

ഇസാ(ഢ) തൊട്ടിലിൽ വെച്ച് സംസാരിച്ച വിഷയത്തിലും സകാത്ത് ഉൾപ്പെട്ടിരുന്നു:

وَجَعَلَنِي مُبَارَكًا أَيْنَ مَا كُنتُ وَأَوْصَانِي بِالصَّلَاةِ وَالزَّكَاةِ مَا دُمْتُ حَيًّا (31) سورة مريم

''ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു.''[2]

ഇസ്മായീൽ (ഢ) യും തൻെറ ജനതയോട് സകാത്തിൻെറ കാര്യം കൽപിച്ചിരുന്നു:

وَكَانَ يَأْمُرُ أَهْلَهُ بِالصَّلَاةِ وَالزَّكَاةِ وَكَانَ عِندَ رَبِّهِ مَرْضِيًّا ( سورة مريم : 55)

[1] സൂറ അൻബിയാഅ് : 73
[2] സൂറ മറിയം : 31

''തൻെറ ആളുകളോട് നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അദ്ദേഹം കൽപിക്കുമായിരുന്നു. തൻെറ രക്ഷിതാവിൻെറയടുക്കൽ അദ്ദേഹം പ്രീതി ലഭിച്ചവനായിരുന്നു.''[1]

## സകാത്ത് നിർബന്ധമാണ്

സകാത്ത് നിർബന്ധമാണെന്ന കാര്യം മുസ്ലിം സമൂഹത്തിൽ അഭിപ്രായ വ്യത്യാസമില്ലാത്ത വിഷയങ്ങളിലൊന്നാണ്. ഇക്കാര്യം ഖുർആനും സുന്നത്തും മുസ്ലിം സമൂഹത്തിൻെറ ഇജ്മാഉം[2] വ്യക്തമാക്കുന്ന കാര്യമാണ്.

അല്ലാഹു പറയുന്നു:

وَأَقِيمُواْ الصَّلاَةَ وَآتُواْ الزَّكَاةَ وَارْكَعُواْ مَعَ الرَّاكِعِينَ( البقرة 43)

''നിങ്ങൾ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും (അല്ലാഹുവിൻെറ മുമ്പിൽ) തല കുനിക്കുന്നവരോടൊപ്പം തലകുനിക്കുകയും ചെയ്യുവീൻ''[3]

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا ( سـورة التوبـة 103)

''അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തു

[1] സൂറ മറിയം : 55
[2] മുസ്ലിം സമൂഹത്തിൻെറ ഏകകൺഠമായ അഭിപ്രായം
[3] അൽബഖറ 43.



കളിൽ നിന്ന് നീ വാങ്ങുക''[1]

يَا أَيُّهَا الَّذِينَ آمَنُواْ أَنفِقُواْ مِن طَيِّبَاتِ مَا كَسَبْتُمْ وَمِمَّا أَخْرَجْنَا لَكُم مِّنَ الأَرْضِ ( سورة البقرة 267)

''സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്നും, ഭൂമിയിൽ നിന്നും നിങ്ങൾക്ക് നാം മുളപ്പിച്ചു തന്നതിൽ നിന്നും നിങ്ങൾ ചില വഴിക്കുവീൻ''[2]

ഈ വിഷയത്തിൽ അനേകം ആയത്തുകൾ നമുക്ക് കണ്ടെത്താനാവുന്നതാണ്.

വളരെ പ്രസിദ്ധമായ നബിവചനവും സകാത്തിൻെറ ഗൗരവം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്:

بُنِيَ الإِسْلاَمُ عَلَى خَمْسٍ شَهَادةُ أنْ لاَ إلــهَ إلاَّ اللهُ وأنَّ مُحَمَّـدًا عَبْدُهُ وَرَسُولُهُ ، وَإقَامِ الصَّلاَةِ ، وَ إيتَاءِ الزَّكَاةِ ، وَصَوْمِ رَمَضَانَ وَحَجِّ الْبَيْتِ مَنْ اسْتَطَاعَ إلَيْهِ سَبِيلاً (متفق عليه)

''ഇസ്ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിതമായിരിക്കുന്നു. അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി(ﷺ) അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്ന സാക്ഷ്യപ്രഖ്യാപനം, നമസ്കാരം കൃത്യതയോടെ നിർവ്വഹിക്കൽ, സകാത്ത് നൽകൽ, റമദാനിലെ വ്രത മനുഷ്ഠിക്കൽ സാധിക്കുന്നവർ ഹജ്ജ് നിർവ്വഹിക്കൽ എന്നിവയാണവ''[1]

[1] സൂറ തൗബ: 104.
[2] ബഖറ 267.

നബി(ﷺ)യുടെ മരണ ശേഷം അബൂബക്കർ(ﷻ) ഭരണം ഏറ്റെടുത്ത അവസരത്തിൽ ചിലർ സകാത്തിന്റെ വിഷയത്തിൽ വൈമനസ്യം കാണിച്ചപ്പോൾ അവരോട് കർക്കശ നിലപാട് സ്വീകരിക്കുകയും യുദ്ധം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ സ്വഹാബികളിൽ ഒരാളും അതിനോട് എതിര് പ്രകടിപ്പിക്കുകയുണ്ടായില്ല എന്നതും സകാത്ത് നിർബന്ധമാണ് എന്നതിലേക്കുള്ള രേഖയാണ്. അക്കാര്യത്തിൽ സ്വഹാബത്തിന്റെ 'ഇജ്മാഅ്' ആണ് നമുക്കതിൽ കാണാൻ കഴിയുന്നത്.

അന്ന് അബൂബക്കർ(ﷻ) കൈകൊണ്ട നടപടി എത്ര ധീരവും ഉദാത്തവുമായിരുന്നു!! ആ വിഷയത്തിൽ അദ്ദേഹത്തിന്റെ വാക്കുകൾ എത്രമാത്രം ഗൗരവമുള്ളതായിരുന്നു എന്ന് ശ്രദ്ധിക്കുക:

واللهِ لأُقَاتِلَنَّ مَنْ فَرَّقَ بَيْنَ الصَّلاَةِ والزَّكَاةِ ، فَإِنَّ الزَّكَـــاةَ حَـــقُّ الْمَالِ، لَوْ مَنَعُونِي عِقَالاً كَانوا يُؤَدُّونَهَا إِلَى رَسُولِ اللهِ صَلَّى الله عليه وسلم لَقَاتَلْتُهُمْ عَلَى مَنْعِهَا (رواه أبو داود 93/2 رقم:2607)

''അല്ലാഹുവാണെ സത്യം, നമസ്കാരത്തിന്റേയും സകാത്തിന്റേയും ഇടയിൽ വിവേചനം കാണിക്കുന്നവരോട് ഞാൻ യുദ്ധം ചെയ്യുക തന്നെചെയ്യും. നബി(ﷺ)ക്ക് നൽകാറുണ്ടായിരുന്ന ഒരു കയർ (സകാത്തിന്റെ വകുപ്പിൽ മൃഗത്തെ കൊണ്ടുവരുമ്പോഴുണ്ടാകാറുള്ള വട്ടക്കയർ) എനിക്ക് തരാതിരിക്കുകയാണെങ്കിൽ അത് നൽകാത്തതിന് ഞാൻ അവരോട് യുദ്ധം ചെയ്യുന്നതാണ്''[1]

[1] മുതഫഖുൻ അലൈഹി.



അബൂ ബക്കർ(ﷻ)വിന്റെ ധീരമായ പ്രഖ്യാപനം കേട്ട ഉമർ(ﷻ) പറഞ്ഞത് : ''നിശ്ചയം ഇത് അല്ലാഹു അബൂബക്കറിന് തോന്നിപ്പിച്ചത് തന്നെയാണ്.''[2]

## സകാത്ത് സമ്പത്തിനെ ഇരട്ടിപ്പിക്കുന്നു

അല്ലാഹു നൽകുന്ന ധനം അവൻ ഇഷ്ടപ്പെടുന്ന മാർഗ്ഗത്തിൽ ചിലവഴിക്കാൻ പറയുന്നിടങ്ങളിലെല്ലാം അവർ ചിലവഴിക്കുന്നത് മൂലം അല്ലാഹു അവന്റെ ധനം ഇരട്ടിപ്പിക്കുകയാണ് അതുമൂലം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് സന്തോഷമറിയിക്കുന്നത് കാണാം:

إِنَّ الْمُصَّدِّقِينَ وَالْمُصَّدِّقَاتِ وَأَقْرَضُوا اللَّهَ قَرْضًا حَسَنًا يُـــضَاعَفُ لَهُمْ وَلَهُمْ أَجْرٌ كَرِيمٌ (18) سورة الحديد

''തീർച്ചയായും ധർമ്മം നൽകുന്നവരായ പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുത്തവരുമാരോ അവർക്കത് ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്കത്രെ മാന്യമായ പ്രതിഫലമുള്ളതും.''[3]

സകാത്ത് നൽകുന്നതോട് കൂടി സമ്പത്ത് തീർന്നു

[1] അബൂദാവൂദ് 2/93 നമ്പർ: 1556, നസാഇ 5/14 ന: 2443, തിർമിദി 5/3 ന: 2607.

[2] സ്വഹീഹ് തിർമിദി 5/3 ന: 2607.

[3] സൂറ ഹദീദ് : 18

പോകും എന്ന് കരുതി നൽകാതിരിക്കരുത്. കാരണം അല്ലാഹുവാണ് നമുക്ക് സമ്പത്ത് നൽകുന്നതും, അത് തേടിപ്പിക്കാനുള്ള യുക്തിയും അതിനുള്ള ആരോഗ്യവുമെല്ലാം നൽകുന്നത്. സകാത്ത് എന്ന വാക്കിനുള്ള പ്രധാനപ്പെട്ട അർത്ഥങ്ങളിൽ ഒന്ന് 'വളർച്ച' എന്നാണ് എന്ന് കാണാൻ കഴിയും. സകാത്ത് നൽകുന്നത് മൂലം അല്ലാഹു അത് നൽകുന്നവൻെറ സമ്പത്തിനെ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു:

وَمَا آتَيْتُم مِّن زَكَاةٍ تُرِيدُونَ وَجْهَ اللَّهِ فَأُوْلَئِكَ هُمُ الْمُضْعِفُونَ (39) سورة الروم

''അല്ലാഹുവിൻെറ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം, അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ.''[1]

## സകാത്ത് കൊടുക്കാത്തവർക്കുള്ള താക്കീത്

ഖുർആനിൽ സകാത്തിനെ പരാമർശിക്കുന്ന സ്ഥലങ്ങൾ പരിശോധിച്ചാൽ നാല് സ്ഥലങ്ങൾ ഒഴിച്ച് ബാക്കി ഇരുപത്തെട്ട് സ്ഥലങ്ങളിലും നമസ്കാരത്തോട് ചേർത്താണ് സകാത്തിനെ സംബന്ധിച്ച് അല്ലാഹു പറഞ്ഞിട്ടുള്ളത്; ഇത് തന്നെ സകാത്തിൻെറ ഗൗരവമാണ് വിളിച്ചറിയിക്കുന്നത്. ഒരു മനുഷ്യന് പടച്ചവനു

[1] സൂറ റൂം : 39



മായുള്ള കടമകൾ പ്രധാനമായും നമസ്കാരത്തിലൂടെ നിർവ്വഹിക്കുന്നതോടൊപ്പം പടപ്പുകളുമായുള്ള കടമകൾ പ്രധാനമായും സകാത്തിലൂടെ നിർവ്വഹിക്കപ്പെടുന്നു. എന്നാൽ ഇന്ന് പലപ്പോഴും സകാത്തിൻെറ വിഷയം വേണ്ടത്ര പ്രാധാന്യമില്ലാതെയാണ് പലരും കാണാറുള്ളത്. നമസ്കാരവും നോമ്പും, അതല്ലെങ്കിൽ നോമ്പും നമസ്കാരവും എന്നിങ്ങനെ അതിനിടയിൽ പറയപ്പെട്ടിട്ടുള്ള സകാത്തിനെ മറന്നുകൊണ്ടുള്ള നിലക്കാണ് പലരും പ്രയോഗിക്കാറുള്ളത്. എന്നാൽ ഖുർആനും ഹദീസും സകാത്ത് നൽകാതിരിക്കുന്നത് എത്ര ഗുരുതരമായാണ് കാണുന്നത് എന്ന് താഴെ പറയുന്ന കാര്യങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

### 1. സകാത്ത് നൽകാത്തവർ മുശ്‌രികുകൾ

وَوَيْلٌ لِّلْمُشْرِكِينَ الَّذِينَ لاَ يُؤْتُونَ الزَّكَاةَ وَهُم بِالآخِرَةِ هُمْ كَافِرُونَ (سورة فصلت 6و7)

''സകാത്ത് നൽകാത്തവരും പരലോകത്തിൽ വിശ്വാസമില്ലാത്തവരുമായ മുശ്‌രികുകൾക്കാകുന്നു നാശം.''[1] സകാത്ത് നൽകാത്തവരെ മുശ്‌രികുകളായാണ് അല്ലാഹു പരിചയപ്പെടുത്തുന്നത്. അല്ലാഹുവിൻെറ അവകാശം അല്ലാഹുവിന് വകവെച്ചുകൊടുക്കാതെ അത് മററു നിലക്ക് വിനിമയം ചെയ്യുന്നതാണല്ലൊ ശിർക്ക്. അതുപോലെ പാവങ്ങൾക്കുള്ള അവകാശം അവർക്ക്

[1] സൂറ ഫുസ്വിലത് : 6,7

നൽകാതിരിക്കലാണല്ലോ ഇവിടെയും സംഭവിക്കുന്നത്. അതുകൊണ്ട് തന്നെ സകാത്ത് കൊടുക്കാതിരിക്കൽ മുശ്രികിൻെറ സ്വഭാവമായാണ് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നത്. അവന് പരലോക വിശ്വാസമില്ലാത്തത് കൊണ്ടാണ് അപ്രകാരം പ്രവർത്തിക്കുന്നത് എന്നും അല്ലാഹു അതേ ആയത്തിലൂടെ വ്യക്തമാക്കിയിരിക്കുകയാണ്.

## 2. മഴ തടയപ്പെടും

നബി(ﷺ)യിൽനിന്ന് ഇബ്നു ഉമർ(رضي الله عنه) പറയുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം:

وَلَمْ يَمْنَعُوا زَكَاةَ أَمْوَالِهِمْ إِلاَّ مُنِعُوا الْقَطْرَ مِنَ السَّمَاءِ، وَلَوْ لاَ الْبَهَائِمُ لَمْ يُمْطَرُوا (ابن ماجه 1332/2 رقم :4019، صحيح الجامع للألباني 7978 )

''ഏതൊരു സമൂഹമാണോ അവർ സകാത്ത് നൽകാതിരിക്കുന്നത് അവർക്ക് ആകാശത്ത് നിന്നും മഴ തടയപ്പെടുന്നതാണ്. നാൽക്കാലികളില്ലായിരുന്നുവെങ്കിൽ മഴ (തീരെ) വർഷിക്കുമായിരുന്നില്ല''[1]

അല്ലാഹു നൽകിയ സമ്പത്തിൻെറ ഒരു ചെറിയ അംശംപോലും അവൻ കൽപിച്ച വിധം സകാത്തായി നൽകാത്തവർക്ക് അല്ലാഹു മഴ തടഞ്ഞുവെച്ചില്ലങ്കിലല്ലെ അൽഭുതമുള്ളൂ. എത്രമാത്രം നന്ദിയില്ലാത്ത വിഭാഗം ! അതോടൊപ്പം അതെത്രമാത്രം ഗുരുതരമാണെന്ന് ഊഹിക്കാവുന്നതുമാണ്.

[1] ഇബ്നുമാജ 2/1332, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് നമ്പർ: 7978



## 3. പരലോക ശിക്ഷ

സകാത്ത് നൽകാത്തവർക്ക് പരലോകത്ത് വേദനയേറിയ ശിക്ഷയായിരിക്കും അത്മൂലം അനുഭവിക്കേണ്ടി വരിക.

അല്ലാഹു പറയുന്നു:

وَالَّذِينَ يَكْنِزُونَ الذَّهَبَ وَالْفِضَّةَ وَلاَ يُنفِقُونَهَا فِي سَبِيلِ اللّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ يَوْمَ يُحْمَى عَلَيْهَا فِي نَارِ جَهَنَّمَ فَتُكْوَى بِهَا جِبَاهُهُمْ وَجُنوبُهُمْ وَظُهُورُهُمْ هَذَا مَا كَنَزْتُمْ لأَنفُسِكُمْ فَذُوقُواْ مَا كُنتُمْ تَكْنِزُونَ ( سورة التوبة 34،35)

''സ്വർണ്ണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പററി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽ വെച്ച് അവ ചുട്ടു പഴുപ്പിക്കപ്പെടുകയും എന്നിട്ടത്കൊണ്ട് അവരുടെ നെററികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം (അവരോട് പറയപ്പെടും) നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ നിക്ഷേപിച്ചു വെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചു വെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക''[1]

[1] സൂറ തൗബ 34,35.

ഇതേ ആശയം വ്യക്തമാക്കുന്ന നബിവചനങ്ങളും കാണുക:

ما من رجل له مال لا يؤدي حق ماله إلا جعل له طوقا في عنقه شجاع أقرع وهو يفر منه وهو يتبعه ثم قرأ مصداقه من كتاب الله عز وجل { ولا تحسبن الذين يبخلون بما آتاهم الله من فضله هو خيرا لهم بل هو شر لهم سيطوقون ما بخلوا به يوم القيامة } الآية (صحيح النسائي للألباني 11/5 رقم : 2441)

"ഏതൊരു മനുഷ്യനാണോ തന്റെ ധനത്തിന്റെ സകാത്ത് നൽകാതിരിക്കുന്നത്, അവന്റെ കഴുത്തിൽ അല്ലാഹു അതൊരു ഭീകര സർപ്പമാക്കി അണിയിക്കുന്നതായിരിക്കും. അവൻ അതിൽനിന്ന് ഓടിയകലും തോറും അത് അവനെ പിന്തുടരുന്നതായിരിക്കും. പിന്നീട് പ്രവാചകൻ(ﷺ) അതിന് തെളിവായി വിശുദ്ധ ഖുർആൻ ആലു ഇംറാൻ അദ്ധ്യായത്തിലെ താഴെ പറയുന്ന വചനം പാരായണം ചെയ്തു കേൾപ്പിച്ചു:

وَلاَ يَحْسَبَنَّ الَّذِينَ يَبْخَلُونَ بِمَا آتَاهُمُ اللّهُ مِن فَضْلِهِ هُوَ خَيْرًا لَّهُمْ بَلْ هُوَ شَرٌّ لَّهُمْ سَيُطَوَّقُونَ مَا بَخِلُواْ بِهِ يَوْمَ الْقِيَامَةِ ( سورة آل عمران :180)

(അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അത് അവർക്ക് ഗുണകരമാണെന്ന് അവർ ഒരിക്കലും വിചാരിച്ചു പോകരുത്. അല്ല, അതവർക്ക് ദോഷകരമായിരിക്കും. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർ



ത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്) "[1]

## 3. ജീവിത ക്ലേശങ്ങളാൽ പരീക്ഷിക്കപ്പെടും

സകാത്ത് നൽകാതെ തടഞ്ഞു വെക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന ശിക്ഷക്ക് പുറമെ, ജീവിത ക്ലേശങ്ങൾ നൽകിയും അല്ലാഹു അവരെ പരീക്ഷിക്കുന്നതാണെന്നും പ്രവാചക വചനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയും:

وعن بريدة رضي الله عنه قال قال رسول الله صلى الله عليه وسلم ما منع قوم الزكاة إلا ابتلاهم الله بالسنين (الطبراني في الأوسط وصحيح الترهيب والترغيب 1/رقم 763)

''ബുറൈദ(ﷺ) വിൽ നിന്ന്, നബി(ﷺ)പറഞ്ഞു: ഏതൊരു ജനതയാണോ സകാത്ത് തടഞ്ഞുവെക്കുന്നത് അവരെ അല്ലാഹു വരൾച്ച (പ്രകൃതി വിപത്തുകളിലൂടെ) മൂലം പരീക്ഷിക്കുന്നതാണ്''[2]

അല്ലാഹു നൽകിയത് അവൻ പറഞ്ഞ വിധം ചിലവഴിക്കാൻ വിസമ്മതിക്കുന്നവർക്ക് അത് ലഭിക്കാനുണ്ടായ വഴികൾ അവൻ തടഞ്ഞു വെച്ചുകൊണ്ട് അവൻ പ്രയാസപ്പെടുത്തുന്നതാണ് .

---

[1] അൽബാനി സ്വഹീഹ് നസാഇ : 5/11 നമ്പർ: 2441)

[2] ത്വബ്റാനിയുടെ ഔസത്, അൽബാനി സ്വഹീഹുത്തർഗീബ് വത്തർഹീബ് വാള്യം 1/ ഹദീസ് നമ്പർ : 763

## 4. സകാത്ത് നൽകാത്തവൻ നരകത്തിൽ

സകാത്ത് നൽകാതെ, അത് തടഞ്ഞുവെക്കുന്നവർ നരകത്തിലായിരിക്കും എന്ന് നബി(ﷺ) വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട് :

عن أنس : مانع الزكاة يوم القيامة في النار (طبراني في الصغير، صحيح الجامع الصغير للألباني رقم: 5807)

''സകാത്ത് നൽകാത്തവൻ അന്ത്യനാളിൽ നരകത്തിലായിരിക്കും''[1]

## സകാത്ത് വളർത്തുന്ന സൽഗുണങ്ങൾ

***ഒന്ന്: പരീക്ഷണത്തിന് സന്നദ്ധനാകുന്നു.***

താൻ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്തിൽ നിന്നും കുറച്ചെങ്കിലും മററുള്ളവർക്ക് നൽകാൻ സന്നദ്ധനാകുന്നവൻ അല്ലാഹുവിൻെറ മറെറല്ലാ പരീക്ഷണങ്ങളേയും അതിജീവിക്കാൻ കരുത്താർജ്ജിക്കുക തന്നെ ചെയ്യുന്നതാണ്. കാരണം മനുഷ്യൻ ജന്മനാ തന്നെ സമ്പത്തിനെ ഇഷ്ടപ്പെടുന്നവനാണ്.

وَإِنَّهُ لِحُبِّ الْخَيْرِ لَشَدِيدٌ ( سورة العاديات 8)

''നിശ്ചയം അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനാകുന്നു''[1]

[1] ത്വബ്റാനിയുടെ സ്വഗീർ. അൽബാനിയുടെ ജാമിഉസ്വഗീർ 5807.



എന്നിട്ടും അവൻ അല്ലാഹുവിൻെറ കൽപ്പന ഉൾക്കൊണ്ട് തൻെറ അദ്ധ്വാനഫലമായി ഉണ്ടാക്കിയ ധനം മററുള്ളവർക്ക് നൽകുക എന്നത് ഒരു പരീക്ഷണം തന്നെയാണ്.

സമ്പത്ത് മുസ്‌ലിം ഉമ്മത്തിൻെറ പരീക്ഷണ കാരണമാണ് എന്ന കാര്യവും നബി(ﷺ) വ്യക്തമാക്കിയിട്ടുണ്ട്.

لِكُلِّ أُمَّةٍ فِتْنَةٌ وَفِتْنَةُ أُمَّتِي الْمَالُ (الترمذي)

''എല്ലാ ഓരോ സമുദായത്തിനും ഓരോ പരീക്ഷണ (കാരണ)ങ്ങളുണ്ട്; എൻെറ സമുദായത്തിൻെറ പരീക്ഷണമാണ് ധനം''[2]

അതിനാൽ സകാത്തിൻെറ വിഷയത്തിൽ തൻെറ ബാധ്യതകൾ നിർവ്വഹിക്കുന്ന വ്യക്തി സ്വാഭാവികമായും മററ് പരീക്ഷണങ്ങളെല്ലാം കൃത്യമായി അഭിമുഖീകരിക്കാൻ സന്നദ്ധനാവുക തന്നെ ചെയ്യും.

*രണ്ട്: മനുഷ്യൻ ശുദ്ധീകരിക്കപ്പെടുന്നു*

ഒരാൾ സകാത്ത് ഇനത്തിൽ താൻ സമ്പാദിച്ചുണ്ടാക്കിയതും, മനുഷ്യൻ ഏററവും അധികം ഇഷ്ടപ്പെടുന്നതുമായ ധനം നൽകുമ്പോൾ അവൻ ശുദ്ധീകരിക്കപ്പെടുകയാണ് ചെയ്യുന്നത്.

[1] സൂറ ആദിയാത്ത്: 8.
[2] തിർമിദി

അതുമൂലം മനുഷ്യനിൽ സ്വാഭാവികമായും ഉണ്ടായേക്കാവുന്ന പിശുക്ക്, ധനത്തോടുള്ള അത്യാർത്ഥി, സ്വാർത്ഥത എന്നീ ദൂഷ്യങ്ങളിൽ നിന്നും അവൻ രക്ഷപ്പെടുക തന്നെ ചെയ്യുന്നതാണ്. കാരണം മേൽ പറയപ്പെട്ട ചീത്ത ഗുണങ്ങൾ ഉള്ള വ്യക്തികൾ ഒരിക്കലും സകാത്ത് നൽകാൻ തയ്യാറാവുകയില്ല. അപ്പോൾ സകാത്തിലൂടെ മുകളിൽ പരാമർശിച്ച കാര്യങ്ങളുടെ വിപരീത ഗുണങ്ങൾ മനുഷ്യനിൽ വളർന്നു വരികയും ചെയ്യും.

സഹജീവികളോടുള്ള സഹാനുഭൂതി, സ്നേഹം, കരുണ, ദയ എന്നീ സൽഗുണങ്ങൾ വളർന്നുവരാനും അത് കാരണമായിത്തീരുന്നു.
അല്ലാഹു പറയുന്നു:

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا ( التوبة **103**)

''അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീവാങ്ങുക''[1]

## ആർക്കാണ് നിർബന്ധം

സകാത്ത് നിർബന്ധമാകുന്നതിന് ഇസ്ലാം ചില നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ട്. അവക്ക് അനുസൃതമായി മാത്രമേ ഒരാൾ സകാത്ത് നൽകാൻ നിർബന്ധിതനായിത്തീരുന്നുള്ളൂ.

[1] സൂറ തൗബ: 104.



### 1. *മുസ്‌ലിമായിരിക്കുക*

മുസ്‌ലിമിന് മാത്രമാണ് സകാത്ത് നിർബന്ധമുള്ളത്. നബി(ﷺ) മുആദ്(ﷸ)വിനെ യമനിലേക്ക് നിയോഗിച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞ വാക്കുകൾ ഇപ്രകാര മായിരുന്നു:

ادْعُهُمْ إِلَى شَهَادَةِ أَنْ لاَ إِلهَ إِلاَّ اللهُ وَأَنِّي رَسُولُ اللهِ فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنَّ اللهَ قَدْ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ، فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنَّ اللهَ افْتَرَضَ عَلَيْهِمْ صَدَقَةً فِي أَمْوَالِهِمْ تُؤْخَذُ مِنْ أَغْنِيَاءِهِمْ فَتُرَدُّ عَلَى فُقَرَاءِهِمْ
(البخاري 2/505 رقم : 1331)

''നീ അവരെ അല്ലാഹുവല്ലാതെ ആരാധ്യനില്ല, ഞാൻ അവരിലേക്ക് നിയോഗിക്കപ്പെട്ട റസൂലാണ് എന്ന സാക്ഷ്യവാക്യത്തിലേക്ക് ക്ഷണിക്കുക. അക്കാര്യത്തിൽ അവർ നിന്നെ അനുസരിച്ചാൽ രാത്രിയിലും പകലിലുമായി അഞ്ച് സമയങ്ങളിലെ നമസ്കാരം അല്ലാഹു അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അതിലും അവർ നിന്നെ അനുസരിച്ചാൽ അല്ലാഹു അവരുടെ ധനത്തിൽ നിന്നും സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അത് അവരിലെ ധനികരിൽ നിന്നും സ്വീകരിച്ച് അവരിലെ ദിദ്രരിൽ വിതരണം ചെയ്യുകയുമാണ് വേണ്ടത് ''[1]

[1] ബുഖാരി 2/505 നമ്പർ: 1331.

ഇതിൽ നിന്നും മുസ്‌ലിമല്ലാത്തവർക്ക് സകാത്ത് നിർബന്ധമില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. അപ്രകാരം തന്നെയാണ് ഇസ്‌ലാമിൽ നിന്നും പുറത്ത് പോയ, മുർതദ്ദുകളുടേയും അവസ്ഥ.

### 2. സ്വതന്ത്രനായിരിക്കുക

അടിമക്ക് സകാത്ത് നിർബന്ധമില്ല. അവന് സ്വന്തമായി സ്വത്ത് ഉണ്ടെങ്കിൽ പോലും അവന് സകാത്ത് കൊടുക്കൽ നിർബന്ധമില്ല. അവൻെറ ധനം സകാത്തിൻെറ വിഷയത്തിൽ അവൻെറ യജമാനൻെറ ധനമായാണ് പരിഗണിക്കുക. അതിനും കൂടി യജമാനൻ സകാത്ത് കൊടുക്കേണ്ടതാണ്.

### 3. പരിപൂർണ്ണ ഉടമസ്ഥതയിലുള്ളതാവുക

പരിപൂർണ്ണ ഉടമസ്ഥതയിലുള്ള ധനത്തിന് മാത്രമാണ് ഇസ്‌ലാം സകാത്ത് നിർബന്ധമാക്കിയിട്ടുള്ളത്.

എന്നാൽ കുട്ടികളുടേയും അനാഥകളുടേയും ധനത്തിന് പ്രസ്തുത വിഭാഗത്തിൻെറ സ്വത്ത് കൈകാര്യം ചെയ്യുന്ന ഉത്തരവാദപ്പെട്ടവർ സകാത്ത് നൽകേണ്ടതാണ് എന്നതാണ് പ്രബലമായ അഭിപ്രായം.

### 4. നിസ്വാബ് പൂർത്തിയാവുക

സകാത്ത് നൽകൽ നിർബന്ധമുള്ള എല്ലാ വരുമാന മാർഗ്ഗത്തിനും ഇസ്‌ലാം ഓരോ പരിധി നിശ്ചയിച്ചിട്ടുണ്ട് അത് എത്തിയാൽ മാത്രമേ സകാത്ത് നൽകൽ നിർബന്ധമുള്ളൂ. അതിന്താഴെ വരുന്ന അവസ്ഥ



യിൽ സകാത്ത് നൽകേണ്ടതില്ല. എന്നാൽ ഒരാൾ നിസ്വാബ് എത്തുന്നതിൽ താഴെയുള്ള വരുമാനത്തിന് സകാത്ത് നൽകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതിന് വിരോധമില്ല. വിവിധ ഇനങ്ങളിൽ നിന്നും വരുമാനം ലഭിക്കുകയും ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള നിസ്വാബ് എത്തുന്നില്ലെങ്കിലും അയാൾ നാട്ടിലെ പ്രധാന കാർഷികോൽപ്പന്നത്തിൻേറയോ, നാണയത്തിൻെറയോ നിസ്വാബിനോട് തുലനം ചെയ്ത് തൻെറ വരുമാനത്തെ ശുദ്ധീകരിക്കലായിരിക്കും ഉത്തമം.

നബി(ﷺ) സകാത്തിൻെറ നിസ്വാബിനെ വിവരിച്ച ഹദീസിൽ ഇപ്രകാരം കാണാം:

ومن لم يكن معه إلا أربع من الإبل فليس فيهـــا صـــدقة إلا أن يشاء ربها

فإذا كانت سائمة الرجل ناقصة من أربعين شاة واحـــدة فلـــيس فيها صدقة إلا أن يشاء ربها

وفي الرقة ربع العشر فإن لم تكن إلا تسعين ومائة فليس فيهـــا شيء إلا أن يشاء ربها

(صحيح البخاري 527/2 رقم : 1386)

''ഒരാളുടെ കൈവശം നാല് ഒട്ടകം മാത്രമാണ് ഉള്ളതെങ്കിൽ അതിന് സകാത്ത് ഇല്ല; അതിൻെറ ഉടമസ്ഥൻ ഉദ്ദേശിച്ചാലല്ലാതെ. ഒരാളുടെ അടുക്കൽ മേഞ്ഞ് നടക്കുന്ന കാലികളായി നാൽപതിന് ഒരെണ്ണം കുറവ് ആടുകളാണ് ഉള്ളതെങ്കിൽ അതിന് സകാത്ത് കൊടുക്കേണ്ടതില്ല; ഉടമസ്ഥൻ ഉദ്ദേശിച്ചാലല്ലാതെ. വെള്ളി

ക്ക് പത്തിലൊന്നിൻെറ നാലിലൊന്നാണ് (നാൽപതിൽ ഒന്നാണ്) സകാത്തായി നൽകേണ്ടത് എന്നാൽ ഒരാളുടെ പക്കൽ നൂററി തൊണ്ണൂറ് ദിർഹമല്ലാതെ ഇല്ല; എങ്കിൽ അയാൾ അതിന് സകാത്ത് നൽകേണ്ടതില്ല. അയാൾ ഉദ്ദേശിച്ചാലല്ലാതെ.''[1]

## സകാത്തും കൊല്ലം തികയലും

കാർഷിക വരുമാനത്തിൽ എപ്പോഴാണോ വിളവെടുപ്പ് നടത്തി ഉൽപന്നം കൈവശം വരുന്നത് അപ്പോൾ തന്നെ സകാത്ത് കൊടുക്കണം എന്നത് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. കച്ചവടത്തിന് കച്ചവടം തുടങ്ങി ഒരു വർഷം പൂർത്തിയാകുന്ന അവസരത്തിൽ സ്റേറാക്ക് എടുപ്പ് നടത്തിയാണ് സകാത്ത് കൊടുക്കേണ്ടത് എന്ന വിഷയത്തിലും അഭിപ്രായ വ്യത്യാസമില്ല. നാണയസമ്പത്തിന് ഒരു വർഷം പൂർത്തിയായാലാണ് സകാത്ത് കൊടുക്കേണ്ടത് എന്ന് ഹദീസുകളിൽ വ്യക്തമാണ്.

لاَ زَكَاةَ فِي مَالٍ حَتَّى يَحُولَ عَلَيهِ الْحَوْلُ (ابن ماجة، أبـو داود صحيح الجامع للألباني رقم: 7497)

''ഒരു ധനത്തിനും വർഷം പൂർത്തിയാകുമ്പോഴല്ലാതെ സകാത്ത് ഇല്ല''[2]

കൃഷിയുടെ സകാത്ത് കൊയ്തെടുക്കുന്ന സമയത്ത്

[1] സഹീഹുൽ ബുഖാരി 2/527 നമ്പർ: 1386

[2] ഇബ്നുമാജ, അബൂദാവൂദ്, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 7497.



തന്നെ കൊടുക്കാൻ പറഞ്ഞു. എന്നാൽ ഒരാൾക്ക് നാണയ സമ്പത്ത് കൈവശം വന്നാൽ അയാൾക്ക് ഒരു വർഷം കഴിഞ്ഞ് മാത്രം കൊടുത്താലും മതി.

ഒരാൾക്ക് ലഭിക്കുന്ന വരുമാനത്തിൻെറ രണ്ടര ശതമാനം മാത്രമാണ് അല്ലാഹു നമ്മോട് നൽകാൻ ആവശ്യപ്പെടുന്നത്. ബാക്കി തൊണ്ണൂററിയേഴര ശതമാനവും നമുക്ക് നമ്മുടെയും കുടുംബത്തിൻേറയും ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ അവകാശമുണ്ട്. എന്നാൽ നമുക്ക് ലഭ്യമായ ധനം നൂറ് ശതമാനവും അല്ലാഹു നമുക്ക് നൽകിയതാണ് എന്ന് ഓർക്കുന്ന ഒരു വ്യക്തിക്ക് അതിൽനിന്നും രണ്ടര ശതമാനം, സമ്പത്ത് കയ്യിൽവരുന്ന സമയത്ത് തന്നെ സകാത്തായി നൽകാൻ തോന്നുകയാണ് വേണ്ടത്. സകാത്ത് മുൻകൂട്ടി നൽകാം എന്ന കാര്യത്തിൽ പണ്ഢിതന്മാക്ക് ഇടയിൽ അഭിപ്രായ വ്യത്യാസമില്ല താനും. കൂടുതൽ അല്ലാഹുവിന് അറിയാം; അവൻ നമുക്ക് നന്മയിലേക്ക് മാർഗ്ഗദർശനം നൽകുമാറാകട്ടെ.

## സകാത്ത് നിർബന്ധമുള്ള ഇനങ്ങൾ

ഭൂമിയിൽ നിന്ന് മുളപ്പിച്ചുണ്ടാക്കുന്നതും മനുഷ്യൻ അദ്ധ്വാനിച്ചുണ്ടാക്കുന്നതുമായ എല്ലാ വിധത്തിലുള്ള വരുമാനങ്ങൾക്കും സകാത്ത് നൽകണം എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

يَا أَيُّهَا الَّذِينَ آمَنُواْ أَنفِقُواْ مِن طَيِّبَاتِ مَا كَسَبْتُمْ وَمِمَّا أَخْرَجْنَا لَكُم مِّنَ الأَرْضِ ( سورة البقرة 267)

‘‘സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്നും, ഭൂമിയിൽ നിന്നും നിങ്ങൾക്ക് നാം ഉൽപ്പാദിപ്പിച്ചു തന്നതിൽ നിന്നും നിങ്ങൾ ചിലവഴിക്കുവീൻ’’[1]

ഇക്കാര്യം മറെറാരു ശൈലിയിലൂടെയും ഖുർആൻ വ്യക്തമാക്കുന്നത് കാണുക.

وَالذِينَ فِي أمْوالِهِم حقٌ معْلوم للسائِلِ والْمَحْرومِ ( المعارج 24)

‘‘അവരുടെ ധനത്തിൽ ചോദിച്ചുവരുന്നവനും ഉപജീവന മാർഗ്ഗം തടയപ്പെട്ടവനും ഒരു നിർണ്ണിത അവകാശമുണ്ട്’’[2]

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا ( ســورة التوبــة 103)

‘‘അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീവാങ്ങുക’’[3]

സകാത്തിൻെറ ലക്ഷ്യം സമൂഹത്തിലുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാരവും അതോടൊപ്പം ധനത്തെയും കൊടുക്കുന്ന വ്യക്തിയേയും ശുദ്ധീകരിക്കലുമാണ്. എന്നതാണ് ഖുർആനും ഹദീസും മനസ്സിലാക്കിത്തരുന്നത്.

[1] സൂറ ബഖറ 267.
[2] സൂറ മആരിജ് 24.
[3] സൂറ തൗബ 103.



എന്നാൽ ഒരു മനുഷ്യൻ അവൻ കർഷകനോ ഉദ്യോഗസ്ഥനോ ആരായിരുന്നാലും ശരി, അവൻെറ അത്യാവശ്യ ജീവിതത്തിന് ആവശ്യമായി വരാവുന്ന നിർണ്ണിത പരിധി നിശ്ചയിക്കുകയും അതിനു താഴെയുള്ള ധനത്തെ സകാത്തിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. പ്രസ്തുത പരിധിക്കാണ് കർമ്മശാസ്ത്ര പണ്ഡിതന്മാർ ഫിഖ്ഹിൻെറ സാങ്കേതിക ഭാഷയിൽ ‘നിസ്വാബ് ’ എന്ന് പറയുന്നത്.

സകാത്ത് കൊടുക്കൽ നിർബന്ധമുള്ള ഇനങ്ങൾ അവയുടെ നൽകേണ്ട തോത് അനുസരിച്ച് പ്രധാനമായും മൂന്ന് ഇനമായി തിരിക്കപ്പെടുന്നു. അവ കാർഷിക വിഭവങ്ങൾ, കാലിസമ്പത്ത്, നാണയ സമ്പത്ത് എന്നിവയാണ്.

## നാണയത്തിൻെറ സകാത്ത്

നാണയം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പണ്ട് കാലത്ത് നടപ്പുണ്ടായിരുന്ന സ്വർണ്ണവും വെള്ളിയും മാത്രമല്ല. ഇന്നത്തെ കറൻസിയും മററും അതിൽ ഉൾപ്പെടുന്നതാണ്. ഒരാളുടെ വരുമാനം കച്ചവടം കാർഷികോൽപ്പന്നങ്ങൾ, കാലി സമ്പത്ത് എന്നിവക്ക് പുറമെ ഏത് ഇനത്തിലുള്ള വരുമാനമായിരുന്നാലും അതിൻെറ സകാത്ത് നൽകേണ്ടതാണ് അത് ശമ്പളം, കമ്മീഷൻ, വാടക എന്നിങ്ങനെ ഏത് തരത്തിലുള്ള വരുമാനത്തിനും നിർണ്ണിത നിസ്വാബ് എത്തിയാൽ സകാത്ത് നൽകൽ നിർബന്ധമാണ്.

നബി(ﷺ)യുടെ കാലത്ത് വെള്ളിയും സ്വർണ്ണവുമായി രുന്നു നാണയമായി ഉപയോഗിച്ചിരുന്നത്. അക്കാല ഘട്ടത്തിൽ അവ രണ്ടും തമ്മിൽ കാര്യമായ വ്യത്യാസവുമുണ്ടായിരുന്നില്ല. ഇന്നാകട്ടെ സ്വർണ്ണവും വെള്ളിയും തമ്മിൽ വിലയിൽ വളരെയേറെ അന്തരമുണ്ട് താനും. അതുകൊണ്ട് തന്നെ നാണയങ്ങളുടെ സകാത്തിൻെറ വിഷയത്തിൽ സ്വർണ്ണത്തിൻെറ നിസാബ് സ്വീകരിക്കേണമോ അതല്ല വെള്ളിയുടെ നിസ്വാബ് സ്വീകരിക്കേണമോ എന്നത് പണ്ഡിതന്മാർക്ക് ഇടയിൽ അഭിപ്രായ ഭിന്നത നിലനിൽക്കുന്ന വിഷയമാണ്. ഏത് സ്വീകരിക്കണമെന്നതിന് ഖണ്ഡിതമായി തെളിവ് ലഭ്യമല്ലാത്ത നിലക്ക് പിന്നീട് ചിന്തിക്കുവാനുള്ളത് സകാത്തിൻെറ ലക്ഷ്യമായ സമ്പത്തിനെയും സകാത്ത് നൽകുന്നവനെയും ശുദ്ധീകരിക്കുകയും ദാരിദ്ര്യ നിർമ്മാർജനത്തിന് കൂടുതൽ ഉപകരിക്കുകയും ചെയ്യുക ഏത് മാനദൺഡമായി സ്വീകരിക്കുമ്പോഴാണ് എന്നുള്ളതാണ്. അതാകട്ടെ വെള്ളിയുടെ നിസ്വാബ് സ്വീകരിക്കുമ്പോഴാണ്.

നാണയത്തിന് സകാത്ത് നിർബന്ധമായിത്തീരുന്നതിന് നിശ്ചയിക്കപ്പെട്ട പരിധി (നിസ്വാബ്), വെള്ളിയുടെ നിസ്വാബ് കണക്കാക്കിയാണ് പൊതുവെ ആധുനിക കറൻസികൾക്ക് സ്വീകരിച്ചുവരുന്നത്.

വെള്ളിയുടെ നിസ്വാബ് വ്യക്തമാക്കുന്ന ഹദീസ് നമുക്ക് ഇപ്രകാരം കാണാവുന്നതാണ്.

ليس فيما دون خمسة أواق صدقة (البخاري)



''അഞ്ച് ഊഖിയയിൽ താഴെയുള്ള നാണയത്തിന്ന് സകാത്ത് (നൽകേണ്ടത്) ഇല്ല''[1]

അഞ്ച് ഊഖിയ എന്നത് പ്രവാചകൻ(ﷺ)യുടെ കാലത്തെ 200 ദിർഹം വെള്ളിയുടെ വിലക്ക് സമാനമായ അളവ് ആണ്. നമ്മുടെ ആധുനിക കണക്ക് പ്രകാരം ഇരുനൂറ് ദിർഹം എന്നത് 590 ഗ്രാം വെള്ളിയുടെ വിലക്ക് തുല്യമാണ്. അപ്പോൾ 590 ഗ്രാം വെള്ളിയുടെ വിലക്കുള്ള കറൻസി (രൂപ) ഒരാളുടെ പക്കൽ ഉണ്ടായിക്കഴിഞ്ഞാൽ അയാൾക്ക് സകാത്ത് കൊടുക്കാനുള്ള നിസ്വാബ് എത്തിക്കഴിഞ്ഞു. അയാൾ അതിൻെറ 2.5% സകാത്ത് കൊടുക്കൽ നിർബന്ധമാണ്. ഒരിക്കൽ സകാത്ത് കൊടുത്ത ധനം വീണ്ടും അതേ പോലെ അയാളുടെ പക്കൽ ഡിപ്പോസിററ് ആയി ഉണ്ട് എങ്കിൽ ഓരോ വർഷവും അതിൻെറ 2.5% സകാത്ത് ഇനത്തിൽ നൽകിക്കൊണ്ടിരിക്കേണ്ടതുമാണ്.

ഇരുനൂറ് ദിർഹം വെള്ളിയാണ് അതിൻെറ നിസ്വാബ് എന്ന് താഴെ പറയുന്ന മറെറാരു ഹദീസിലൂടെയും മനസ്സിലാക്കാവുന്നതാണ്.

فَإِذَا كانتْ لكَ مِائَتَا دِرْهَمٍ وَحَالَ عَلَيْهَا الْحَوْلُ فَفِيهَا خَمْسَةُ دَرَاهِمَ وَلَيْسَ لَكَ شَيْءٌ يَعْنِي فِي الذَّهَبِ حَتَّى تَكُونَ لَكَ عِشْرُونَ دِينَارًا وَحَالَ عَلَيْهَا الْحَوْلُ فَفِيهَا نِصْفُ دِينَارٍ فَمَا زَادَ فَبِحِسَابِ ذَلِكَ (أبوداود ، صححه الألباني)

[1] ബുഖാരി.

'' നിൻെറ പക്കൽ ഇരുനൂറ് ദിർഹം (വെള്ളി) ഉണ്ടാവുകയും ഒരു വർഷം തികയുകയും ചെയ്താൽ അതിൽ നിന്ന് അഞ്ച് ദിർഹം (സകാത്ത് നൽകണം). സ്വർണ്ണത്തിന് നിൻെറയടുക്കൽ ഇരുപത് ദീനാർ ഉണ്ടാകുന്നത് വരെ ഒന്നും നൽകേണ്ടതില്ല. (ഇരുപത് ദീനാർ ഉണ്ടായി) ഒരു വർഷം തികഞ്ഞാൽ ഒരു ദീനാറിൻെറ പകുതി നീ സകാത്ത് നൽകണം കൂടുതലുണ്ടാകുമ്പോൾ ഈ തോത് അനുസരിച്ച് കണക്കാക്കുകയും വേണം. ''[1]

പ്രസ്തുത ഹദീസിൽ നിന്നുതന്നെ സ്വർണ്ണത്തിൻെറ നിസ്വാബും വ്യക്തമാകുന്നതാണ്. അതായത് 20 ദീനാർ അല്ലെങ്കിൽ 20 മിഥ്ഖാൽ (مِثْقَال ) എന്നത് ഏകദേശം 85 ഗ്രാം സ്വർണ്ണത്തിന് തുല്യമായ തൂക്കമാണ്. താഴെ പറയുന്ന ഹദീസും ഇക്കാര്യം വ്യക്തമാക്കുന്നതാണ്:

**عائشة أن النبي ﷺ كان يأخذ من كل عشرين مثقــالا نــصف مثقال (ابن ماجة إرواء الغليل للألباني 3/رقم: 813)**

''ആയിഷ (റ) യിൽ നിന്ന്, നിശ്ചയം നബി(സ) എല്ലാ ഇരുപത് മിഥ്ഖാലിനും അര മിഥ്ഖാൽ (0.5 മിഥ്ഖാൽ) തോതിൽ (സ്വർണ്ണത്തിൻെറ സകാത്തായി) സ്വീകരിക്കുമായിരുന്നു.''[2]

[1] അബൂദാവൂദ്. അൽബാനി സ്വഹീഹ് ആയി രേഖപ്പെടുത്തിയ ഹദീസ്.

[2] ഇബ്നുമാജ, അൽബാനിയുടെ ഇർവാഉൽ ഗലീൽ 3/നമ്പർ : 813



ഇരുപത് മിഥ്ഖാലിന് അര മിഥ്ഖാൽ എന്ന തോതിലാവുമ്പോൾ മുതലിൻെറ നാൽപ്പതിൽ ഒന്ന്. അതായത് 2.5 % (രണ്ടര ശതമാനം). സ്വർണ്ണമായാലും വെള്ളിയായാലും ധനത്തിൻെറ രണ്ടര ശതമാനം ഓരോ വർഷവും സകാത്തായി നൽകേണ്ടതാണ്.

ആധുനിക പണമിടപാടുകളിൽ സകാത്തിൻെറ നിസ്വാബായി വെള്ളി സ്വീകരിക്കുമ്പോഴും സ്വർണ്ണത്തിന് നേരിട്ട് സകാത്ത് കണക്കാക്കുമ്പോൾ 85 ഗ്രാം സ്വർണ്ണം തന്നെയാണ് നിസ്വാബായി എടുക്കേണ്ടത്.

'' ഭൂമിയിൽ നിന്നും നിങ്ങൾക്ക് നാം ഉൽപ്പാദിപ്പിച്ചു തന്നതിൽ നിന്നും നിങ്ങൾ ചിലവഴിക്കുവീൻ''[1]

എന്ന ആയത്തിൻെറ വെളിച്ചത്തിൽ ഭൂമിയിൽ നിന്നും കുഴിച്ചെടുക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾ ലോഹങ്ങൾ, ഉപ്പ് എന്നിവക്കെല്ലാം വെള്ളിയുടേയോ സ്വർണ്ണത്തിൻേറയോ നിസ്വാബ് എത്തിക്കഴിഞ്ഞാൽ 2.5 % സകാത്ത് നൽകേണ്ടതാണ്. അപ്രകാരം 'തേനും' ഭൂമിയിൽ നിന്നും നാം ഉൽപ്പാദിപ്പിച്ചുതരുന്നത് എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണെന്നാണ് കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായം.

## കാർഷിക വിളകൾ

**وَهُوَ الَّذِي أَنشَأَ جَــنَّاتٍ مَّعْرُوشَاتٍ وَغَيْرَ مَعْرُوشَــاتٍ وَالنَّخْلَ**

[1] സൂറ ബഖറ 267.

الزَّرْعَ مُخْتَلِفًا أُكُلُهُ وَالزَّيْتُونَ وَالرُّمَّانَ مُتَشَابِهًا وَغَيْرَ مُتَشَابِهٍ كُلُواْ مِن ثَمَرِهِ إِذَا أَثْمَرَ وَآتُواْ حَقَّهُ يَوْمَ حَصَادِهِ ( الأنعام 141)

''പന്തലിൽ ഉയർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങളും, ഈത്തപ്പനകളും, വിവിധ തരം കനികളുള്ള കൃഷികളും, പരസ്പരം തുല്യത തോന്നുന്നതും എന്നാൽ സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലീവും മാതളവും എല്ലാം സൃഷ്ടിച്ചുണ്ടാക്കിയത് അവനാകുന്നു. അവയോരോന്നും കായ്ക്കുമ്പോൾ അതിൻെറ ഫലങ്ങളിൽ നിന്നും നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിൻെറ വിളവെടുപ്പ് ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്ത് വീട്ടുകയും ചെയ്യുക''[1]

ഇതിൽ നിന്നും എല്ലാ തരം കൃഷി വിഭാഗത്തിനും സകാത്ത് കൊടുക്കേണ്ടതുണ്ട് എന്ന് മനസ്സിലാക്കാം നബി(ﷺ)യുടെ പ്രബോധിത സമൂഹത്തിന് പരിചയമുള്ള ഒരുപാട് വിഭവങ്ങളെ ഈ ആയത്തിലൂടെ പരിചയപ്പെടുത്തുന്നു. ഇവിടെ പറയപ്പെട്ട കൃഷികളിൽ മാത്രം പരിമിതപ്പെടുത്താതെ മൊത്തത്തിൽ വ്യവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന എല്ലാ തരം കൃഷിക്കും സകാത്ത് കൊടുത്ത് അതിനെ ശുദ്ധീകരിക്കുകയും ആ പ്രദേശത്തെ ജനങ്ങളുടെ പ്രയാസങ്ങൾ അകററാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

പച്ചക്കറികൾ പോലുള്ളവക്ക് നേരിട്ട് സകാത്ത് നൽകുക എന്നതല്ല നടപ്പിലുള്ളത്. അവ വിററ് കിട്ടുന്ന വി

[1] സൂറ അൻആം 141.



ലക്ക് നാണയത്തിൻെറ നിസ്വാബ് കണക്കാക്കുകയും ഒരു വർഷം പൂർത്തിയാവുകയും ചെയ്താൽ 2.5 % സകാത്തായി നൽകുകയുമാണ് ചെയ്യേണ്ടത്. അപ്രകാരം തന്നെ നാണ്യവിളകളായി പരിഗണിക്കുന്ന ഏലം, കുരുമുളക്, റബ്ബർ തുടങ്ങിയവക്കും അവയുടെ വിലക്ക് നാണയത്തിൻെറ നിസ്വാബ് കണക്കാക്കുകയും ഒരു വർഷം പൂർത്തിയാവുകയും ചെയ്താൽ 2.5 % സകാത്തായി നൽകുകയുമാണ് ചെയ്യേണ്ടത്.

## എപ്പോഴാണ് കൊടുക്കേണ്ടത്

കാർഷിക ഉൽപ്പന്നങ്ങളുടെ സകാത്ത് എപ്പോൾ കൊടുക്കണമെന്ന കാര്യത്തിൽ മുസ്ലിം പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലാത്ത വിഷയമാണ്. കാരണം മേൽ പറയപ്പെട്ട ആയത്തിലൂടെ അല്ലാഹു തന്നെ അത് വ്യക്തമാക്കിക്കഴിഞ്ഞു. وَ آتُوا حَقَّهُ يَوْمَ حَصَادِهِ ''നിങ്ങൾ അതിൻെറ ബാധ്യത കൊയ്ത്ത് ദിവസം തന്നെ നൽകുക യും ചെയ്യുക''[1].

അതിനാൽ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ് ദിവസം തന്നെ അവയുടെ സകാത്ത് നൽകേണ്ടതുണ്ട് എന്ന് മനസ്സിലാക്കാവുന്നതാണ്. എന്നാൽ നാണ്യവിളയായി പരിഗണിക്കുന്നവക്ക് അവ ഒരർത്ഥത്തിൽ കാർഷികയിനങ്ങളിൽ ഉൾപ്പെടുമെങ്കിലും അവ വിററു കിട്ടുന്ന വിലയെ നാണയത്തിനോട് സാമ്യപ്പെടുത്തിയാണ് സകാത്ത് നൽകേണ്ടത്.

[1] സൂറ അൻആം : 141

## എത്രയാണ് നിസ്വാബ്

കാർഷികോൽപ്പന്നങ്ങൾക്ക് സകാത്ത് നിർബന്ധമാകുന്നതിന് ഇസ്‌ലാം നിശ്ചയിച്ച നിസ്വാബ് (പരിധി) അഞ്ച് വസ്ഖ്[1] ആണ്. നബി(ﷺ)യിൽ നിന്നും ബുഖാരിയും മുസ്‌ലിമും ഉൾപ്പടെ പല ഹദീസ് ഗ്രന്ഥങ്ങളിലും ഈ വിഷയത്തിലുള്ള നബിവചനങ്ങൾ കാണാവുന്നതാണ്.

لَيْسَ فِيمَا دُونَ خَمْسَةِ أَوْسَقٍ صَدَقَةٌ (متفق عليه)

''അഞ്ച് വസ്ഖിൽ കുറവുള്ളതിന് സ്വദഖ (സകാത്ത്) നൽകേണ്ടതില്ല.''[2]

മറ്റൊരു ഹദീസ് കൂടി കാണുക.

عن أبي سعيد الخدري ﷺ أن النبي ﷺ قال ليس في حب ولا تمر حتى تبلغ خمسة أوسق (مسلم)

അബൂസഈദ് (ﷺ) വിൽ നിന്ന്: നബി(ﷺ) പറഞ്ഞു: ''ധാന്യം, കാരക്ക എന്നിവ അഞ്ച് വസ്ഖ് എത്തുന്നത് വരെ സകാത്ത് നിർബന്ധമില്ല''[3]

---

[1] ഒരു വസഖ് 60 സ്വാഅ്. 5 വസ്ഖ് 300 സ്വാഅ്. ഏകദേശം 6 ക്വിൻറൽ ധാന്യം.
[2] മുതഫഖുൻ അലൈഹി.
[3] മുസ്‌ലിം.



മേൽ പറയപ്പെട്ട ഹദീസുകളിൽ നിന്ന് 6 - ക്വിൻറൽ ധാന്യമുണ്ടായാൽ മാത്രമേ സകാത്ത് നിർബന്ധമായിത്തീരുന്നുള്ളൂ. അതായത് നെല്ലിന് സകാത്ത് നൽകുമ്പോൾ ആറ് കിൻറൽ അരിയുണ്ടാകാൻ ആവശ്യമുള്ള നെല്ലുണ്ടായിരിക്കണം. എന്നാലത് ഒരേ വിളയിൽ തന്നെ ഉണ്ടായിക്കൊള്ളണമെന്നില്ല എന്ന കാര്യത്തിലും പണ്ഡിതന്മാർ ഏറെക്കുറെ അഭിപ്രായ ഐക്യത്തിൽ തന്നെയാണ്.

## എത്രയാണ് നൽകേണ്ടത്

എല്ലാ തരത്തിലുള്ള കൃഷികൾക്കും ഒരേ നിരക്കിലല്ല സകാത്ത് നൽകേണ്ടത് കർഷകർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് അത് രണ്ട് അനുപാതത്തിലാണ് ഇസ്‌ലാം കാണുന്നത്. താഴെ പറയുന്ന നബിവചനത്തിൽ നിന്നും അക്കാര്യം മനസ്സിലാക്കാവുന്നതാണ്.

عن جابر عن النبي ﷺ قال فيما سقت الأنهار والغيم العشور وفيما سقي بالسانية نصف العشر (مسلم)

''നദികളിൽ നിന്നും മഴ മുഖേനയും നനച്ചുണ്ടാക്കിയ (കൃഷിക്ക്) പത്തിലൊന്നും, മൃഗങ്ങളേയോ (യന്ത്രങ്ങളോ) ഉപയോഗിച്ച് നനച്ചുണ്ടാക്കിയതാണെങ്കിൽ പത്തിലൊന്നിൻെറ പകുതിയുമാണ് (സകാത്തായി നൽകേണ്ടത്)''[1]

---

[1] മുസ്‌ലിം

അതായത് ചിലവ് കുറഞ്ഞ നിലക്കുള്ള കൃഷിയാണ് എങ്കിൽ പത്തിലൊന്ന് അതായത് 10% വും കൂടുതൽ ചിലവ് ഇറക്കി ബുദ്ധിമുട്ടുള്ള കൃഷിയാണ് എങ്കിൽ പത്തിലൊന്നിൻെറ പകുതി ഇരുപതിലൊന്ന് അതായത് 5% വും ആണ് നൽകേണ്ടത്.

## കച്ചവട വസ്തുക്കൾ

കച്ചവട വസ്തുക്കൾക്ക് വർഷാവസാനം സ്റോക്കെടുപ്പ് നടത്തി സ്റോക്കുള്ള ചരക്കും, കച്ചവട വകയിൽ ലഭിച്ച വരുമാനവും കൂട്ടി അത് നാണയത്തിൻെറ നിസ്വാബായ 590 ഗ്രാം വെള്ളിയുടെ വിലക്ക് തുല്യമായാൽ അതിൻെറ 2.5% സകാത്തായി നൽകേണ്ടതാണ്.

കച്ചവടാവശ്യത്തിനായി വാങ്ങിയിട്ടുള്ള വാഹനങ്ങൾ, ഭൂമി, വീട് തുടങ്ങിയ എല്ലാ വസ്തുക്കൾക്കും ഇപ്രകാരം സകാത്ത് നൽകേണ്ടതാണ്.

## കാലികളുടെ സകാത്ത്

ഒട്ടകം, മാട് വർഗ്ഗം, ആടുകൾ എന്നിവയാണ് സകാത്ത് നൽകേണ്ടുന്ന പരിധിയിൽ വരുന്ന കാലികൾ.

കാലികളുടെ നിസ്വാബും അവയുടെ നൽകേണ്ടതായ വിഹിതവും താഴെ ചേർക്കുന്നു.



## മാട് വർഗ്ഗം

| മാട് വർഗ്ഗത്തിൻെറ നിസ്വാബ് 30 മൃഗം | | |
|---|---|---|
| 30 മുതൽ | 39 വരെ | 1 വയസ്സായ കാളക്കുട്ടി |
| 40 മുതൽ | 59 വരെ | 2 വയസ്സായ പശുക്കുട്ടി |
| 60 മുതൽ | 69 വരെ | 1 വയസ്സുള്ള 2 കാളക്കുട്ടി |
| 70 മുതൽ | 79 വരെ | 2 വയസ്സുള്ള 1 പശുക്കുട്ടിയും 1 വയസ്സുള്ള 1കാളക്കുട്ടിയും. |
| പിന്നീട് ഓരോ 30 നും 2 വയസ്സുള്ള 1 കാളക്കുട്ടി വീതവും. ഓരോ40ന് 2വയസ്സുള്ള പശുക്കുട്ടിയും. | | |

## ഒട്ടകം

| ഒട്ടകത്തിൻെറ നിസ്വാബ് 5 എണ്ണമാണ് | | |
|---|---|---|
| 5 മുതൽ | 9 വരെ | 1 ആട് |
| 10 മുതൽ | 14 വരെ | 2 ആട് |
| 15 മുതൽ | 19 വരെ | 3 ആട് |
| 20 മുതൽ | 24 വരെ | 4 ആട് |
| 25 മുതൽ | 35 വരെ | 1 വയസ്സുള്ള 1 ഒട്ടകം. അല്ലെങ്കിൽ2 വയസ്സുള്ള ഒരൊട്ടകം. |
| 36 മുതൽ | 45 വരെ | 2 വയസ്സുള്ള ഒരു ഒട്ടകം |
| 46 മുതൽ | 60 വരെ | 3 വയസ്സുള്ള ഒരു ഒട്ടകം |
| 61 മുതൽ | 75 വരെ | 4 വയസ്സുള്ള ഒരു ഒട്ടകം |
| 76 മുതൽ | 90 വരെ | 2 വയസ്സുള്ള 2 ഒട്ടകം |
| 91 മുതൽ | 120 വരെ | 3 വയസ്സുള്ള 2 ഒട്ടകം |
| പിന്നീട് വരുന്ന ഓരോ 40 നും 2 വയസ്സുള്ള ഓരോ ഒട്ടകം വീതം. ഓരോ 50 ന് 3 വയസ്സുള്ള ഒട്ടകവും. | | |

## ആട്

| ആടിൻെറ നിസ്വാബ് 40 എണ്ണമാണ് | | |
|---|---|---|
| 40 മുതൽ | 120 വരെ | 1 ആട് |
| 121 മുതൽ | 200 വരെ | 2 ആട് |
| 201 മുതൽ | 300 വരെ | 3 ആട് |
| 301 മുതൽ | 400 വരെ | 4 ആട് |
| 401 മുതൽ | 500 വരെ | 5 ആട് |
| പിന്നീട് വരുന്ന ഓരോ 100 നും ഓരോ ആട് വീത മാണ് നൽകേണ്ടത്. | | |

മേൽ പറയപ്പെട്ടവയല്ലാത്ത കോഴി, താറാവ്, ആന തുടങ്ങിയവയെ വ്യവസായിക അടിസ്ഥാത്തിൽ വളർത്തുന്ന അവസ്ഥയുണ്ടായാൽ അതിൽ നിന്ന് ലഭിക്കുന്ന വരുമാനം നാണയത്തിൻെറ നിസ്വാബിന് തുല്യമായ സംഖ്യയുണ്ടായാൽ അതിൻെറ 2.5% സകാത്ത് കൊടുക്കൽ നിർബന്ധമാണ്.

## നിധി ലഭിച്ചാൽ

മനുഷ്യൻെറ അദ്ധ്വാനം മൂലമല്ലാതെയും ചിലപ്പോൾ മനുഷ്യന് സമ്പത്ത് ലഭിച്ചേക്കാം. എന്നാൽ അതിനും അവൻ നിശ്ചിത വിഹിതം സകാത്ത് നൽകി പ്രസ്തുത ധനം ശുദ്ധീകരിച്ച ശേഷം മാത്രമാണ് ഇസ്ലാം അവന് അത് ഉപയോഗിക്കാൻ അനുമതി നൽകുന്നത്. അതുകൊണ്ട് തന്നെ ഒരാൾക്ക് തൻെറ ജോലി സ്ഥലത്ത് നിന്നോ നടന്ന് പോകുന്ന വഴിയിൽ നിന്നോ



പ്രത്യക്ഷത്തിൽ ഉടമസ്ഥൻ ഇല്ലാത്ത നിലക്ക് വല്ല നിക്ഷേപവും ലഭിച്ചാൽ അതിൻെറ അഞ്ചിലൊന്ന് അതായത് 20% സകാത്ത് നൽകേണ്ടതാണ്. അതിന് പ്രത്യേക നിസ്വാബോ കാല പരിധിയോ ഇല്ല, എന്നും അത് കിട്ടിയ ഉടനെ നൽകേണ്ടതുണ്ട് എന്നുമാണ് പണ്ഡിതന്മാരിൽ അധിക പക്ഷവും അഭിപ്രായപ്പെടുന്നത്.

നബി(ﷺ)യുടെ താഴെ പറയുന്ന വചനമാണ് മേൽ പറയ പ്പെട്ട വിഷയത്തിലെ തെളിവ്.

وفي الرِّكازِ الخُمُسُ (متفق عليه)

''നിധികൾക്ക് അഞ്ചിലൊന്നും നൽകേണ്ടതുണ്ട്''[1]

## ആഭരണത്തിൻെറ സകാത്ത്

ആഭരണങ്ങൾക്ക് സകാത്ത് നൽകേണ്ടതുണ്ടോ എന്ന വിഷയത്തിൽ പണ്ട് കാലം മുതൽക്ക് തന്നെ അഭിപ്രായ ഭിന്നതകൾ നിലനിൽക്കുന്നുണ്ട്. ഇരു വിഭാഗവും അവരവർക്കുള്ള തെളിവുകളും നിരത്തുന്നുണ്ട്. അതു കൊണ്ട് അൽപം വിശദമായി ഇക്കാര്യം വിവരിക്കാൻ ഉദ്ദേശിക്കുന്നു.

ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആഭരണങ്ങൾക്ക് സകാത്ത് നൽകേണ്ടതില്ല എന്ന വാദക്കാരുടെ തെളിവുകൾ താഴെ പറയുന്നു:

ഇമാം മാലിക്(:) തൻെറ മുവത്വഅ്ൽ രേഖപ്പെടുത്തിയ രണ്ട് സംഭവങ്ങൾ കാണുക:

[1] മുതഫഖുൻ അലൈഹി.

أنَّ عبد الله بن عمر ؓ كان يحلّي بناتَهُ وجَارِيَتَهُ الـذهب ثُـمَّ لاَ يُخْرِجُ مِنْ حُلِيِّهِنَ الزكَاةُ (الموطأ لإمام مالك)

'ഇബ്നു ഉമർ (ؓ) തന്റെ പെൺകുട്ടികൾക്കും അടിമ സ് ത്രീകൾക്കും സ്വർണ്ണാഭരണങ്ങൾ അണിയിക്കാറു ണ്ടായിരുന്നു. എന്നാൽ അവക്ക് അദ്ദേഹം സകാത്ത് നൽകാറുണ്ടായിരുന്നില്ല.''[1]

أن عائشة زوج النبي ﷺ كانت تلَّ بناتَ أخِيها يتامى حجرها لهنّ الحلي فلاَ تُخْرِجُ مِنْ حليهنَّ الزكاة (الموطأ)

''ആയിഷ(ρ) തന്റെ സംരക്ഷണത്തിലുണ്ടായിരുന്ന അനാഥകളായിരുന്ന സഹോദരപുത്രിമാർക്ക് സ്വർണ്ണാഭരണങ്ങൾ അണിയിക്കാറുണ്ടായിരുന്നു. എന്നാൽ അവക്ക് സകാത്ത് നൽകാറുണ്ടായിരുന്നില്ല.''[2]

عن علي بن سليمان قال سألت أنس بن مالك ؓ عـن الحلـي فقال ليس فيه الزكاة (الدارقطني)

''അലിയ്യു ബ്നു സുലൈമാൻ (:) പറയുന്നു: ഞാൻ അനസ്ബ്നു മാലിക്(ؓ) ആഭരണത്തിന്റെ സകാത്തിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അതിന് സകാത്ത് ഇല്ല എന്ന്.''[3]

---

[1] ഇമാം മാലികിന്റെ മുവത്വഅ്.

[2] ഇമാം മാലികിന്റെ മുവത്വഅ് 1/166

[3] ദാറ ഖുത്നി .



ഈ വിഷയത്തിൽ ജാബിർ(ؓ)ൽ നിന്ന് ഇമാം ശാഫിയും ബൈഹഖി(:)യും അസ്മാഅ് (ρ)യിൽ നിന്ന് ദാറഖുത്നിയും ഇതുപോലുള്ള റിപ്പോർട്ടുകൾ ഉദ്ധരിക്കുന്നുണ്ട്. അനസ്, ജാബിർ, ഇബ്നു ഉമർ, ആയിഷ, അസ്മാഅ് (ρ) എന്നീ സ്വഹാബികൾ ആഭരണങ്ങൾക്ക് സകാത്ത് ഇല്ല; എന്ന അഭിപ്രായമുള്ളവരായിരുന്നു എന്ന് ഇമാം അഹ്മദ് ബ്നു ഹൻമ്പൽ (:) രേഖപ്പെടുത്തിയിട്ടുണ്ട്.

ആഭരണങ്ങൾക്ക് സകാത്ത് നൽകേണ്ടതാണ് എന്ന വാദക്കാർ താഴെ പറയുന്ന ഹദീസുകളും തെളിവായി ഉദ്ധരിക്കുന്നു:

عن عائشة ؓ دَخَلَ عَلَيَّ رَسُولُ اللهِ ﷺ فَرَأَى فِي يَدِي فَتْخَـاتٌ مِنْ وَرِقٍ، فَقَالَ مَا هَذَا يَا عَائِشَةَ ؟ فَقُلْتُ صَنَعْتُ أَتَزَيَّنُ لَكَ يَـا رَسُولُ الله قَالَ أَتُؤَدِّينَ زَكَاتَهُنَّ ؟ قُلْتُ لاَ أَوْ مَا شَاءَ الله، قَالَ هُوَ حَسْبُكِ مِنَ النَّار (أبوداود 244/1 صححه الألباني رحمه الله)

''ആയിഷ(ρ) പറയുന്നു: നബി(ﷺ) ഒരിക്കൽ എന്റെ അടുത്ത് വന്നപ്പോൾ എന്റെ കൈകളിൽ വെള്ളി കൊണ്ടുള്ള വളകൾ കണ്ടു. എന്താണിത് ആയിഷാ ? എന്ന് അദ്ദേഹം ചോദിച്ചപ്പോൾ അത്, ഞാൻ നിങ്ങൾക്ക് വേണ്ടി അണിഞ്ഞൊരുങ്ങിയതാണ് എന്ന് പറഞ്ഞു. അദ്ദേഹം ചോദിച്ചു: നീ അവയുടെ സകാത്ത് കൊടുത്തിട്ടുണ്ടോ ? ഞാൻ പറഞ്ഞു: ഇല്ല. അതല്ലങ്കിൽ അതിന് സമാനമായതോ ആയവാക്ക് പറഞ്ഞു; ന

ബി(ﷺ) പറഞ്ഞു: അത് മാത്രം മതി നിനക്ക് നരകം ലഭിക്കാൻ.''[1]

عن عمرو بن شعيب عن أبيه عن جدّه أنّ امرأة أَتَتْ رَسُولَ اللهِ ﷺ وَمَعَهَا ابنةٌ لَهَا وَفِي يَدِ ابْنَتِهَا مَسَكَّتَانِ غَلِيظَتَانِ مِـنْ ذَهَـبٍ فَقَالَ لَهَا أَتُعْطِينَ زَكَاةَ هَذَا ؟ قَالَتْ لاَ، قَالَ أَيَسُرُّكِ أَنْ يُسَوِّرَكِ اللهُ بِهِمَا يَوْمَ الْقِيَامَةِ سِوَارَيْنِ مِنْ نَارٍ ؟ فَخَلَعَتْهُمَـا إِلَـى النبـي ﷺ وَقَالَتْ هُمَا للهِ وَلِرَسُولِهِ ( صحيح أبوداود للألباني رحمه الله )

''അംറു ബ്നു ശുഅയ്ബ് തൻെറ പിതാവിൽ നിന്നും അദ്ദേഹം തൻെറ പിതാമഹനിൽ നിന്നുമായി റിപ്പോർട്ട് ചെയ്യുന്നു: നബി(ﷺ)യുടെ അടുക്കൽ കുട്ടിയെയും എടുത്ത് കൊണ്ട് ഒരു സ്ത്രീ വന്നു. കുട്ടിയുടെ ക യ്യിന്മേൽ സ്വർണ്ണം കൊണ്ടുള്ള കട്ടിയുള്ള രണ്ട് വളക ളുണ്ടായിരുന്നു. അന്നേരം അവരോട് ചോദിച്ചു: ഇവ ക്ക് സകാത്ത് കൊടുത്തിട്ടുണ്ടോ ? ഇല്ല. എന്ന് അവർ മറുപടി പറഞ്ഞപ്പോൾ നബി(ﷺ) ചോദിച്ചത്: അന്ത്യ നാളിൽ അല്ലാഹു തീ കൊണ്ടുള്ള രണ്ട് വളകൾ അ ണിയിക്കുന്നതിൽ നീ സന്തോഷിക്കുന്നുണ്ടോ ? എ ന്നായിരുന്നു. അന്നേരം അവർ അത് രണ്ടും ഊരിയെ ടുത്ത് ഇത് അല്ലാഹുവിനും റസൂലിനും ഇരിക്കട്ടെ എ ന്ന് പറഞ്ഞ് നബിയുടെ മുന്നിൽ വെച്ചുകൊടുത്തു.''[2]

---

[1] അബൂദാവൂദ് 1/244. നാസിറുദ്ദീൻ അൽബാനി(റ) സ്വഹീഹാണെന്ന് രേഖ പ്പെടുതിയ ഹദീസ്.

[2] അബൂദാവൂദ്. നാസിറുദ്ദീൻ അൽബാനിയുടെ സ്വഹീഹ്.



ഉമ്മു സൽമ(ρ) പറയുന്നത് കാണുക:

كُنْتُ أَلْبَسُ أَوْضَاحًا مِنْ ذَهَبٍ فَقُلْتُ يَا رَسُولُ اللهِ أَكَنْزٌ هُوَ ؟ فَقَالَ مَا بَلَغَ أَنْ تُؤَدِّيَ زَكَاتَهُ فَزَكَّى فَلَيْسَ بِكَنْـزٍ (أبـوداود ، حـديث حسن، صحيح الجامع للألباني رقم: 5582)

''ഞാൻ സ്വർണ്ണത്തിൻെറ തളകൾ ധരിക്കാറുണ്ടായിരു ന്നു. അന്നേരം ഞാൻ നബി(ﷺ)യോട് ഇപ്രകാരം ചോ ദിച്ചു: ഇത് കൻസ്[1] ആകുമോ ? നബി(ﷺ) പറഞ്ഞു: അ തിന് സകാത്തിനുള്ള പരിധി എത്തുകയും സകാത്ത് കൊടുക്കുകയും ചെയ്താൽ കൻസ് അല്ല.''[2]

أنَّ امرأتين أتتَا رَسولَ الله ﷺ وفي أيديهما سِوَارانِ مِنْ ذَهَـبٍ فَقَالَ لهمَا أَتُؤَدِّيَانِ زَكَاتَهُمَا فَقَالتَا لاَ قالَ أَتُحِبَّانِ أن يُسَوِّرَكُمَا اللهُ أَسْوِرَةً مِنْ نَارٍ قالتا لاَ قال فأدِّيَا زَكَاتَهُمَا (الترمـذي ، صـحيح أبوداود للألباني برقم: 1396)

''രണ്ട് സ്ത്രീകൾ നബി(ﷺ)യുടെ അടുക്കൽ വന്നു; അവരുടെ രണ്ടുപേരുടേയും കൈകളിൽ രണ്ട് സ്വർ ണ്ണ വളകളുണ്ടായിരുന്നു. നബി(ﷺ) അവരോട് നിങ്ങ ൾ അവക്കുള്ള സകാത്ത് നൽകിയിട്ടുണ്ടോ ? എന്ന് ചോദിച്ചു. അവർ ഇല്ല. എന്ന് പറഞ്ഞപ്പോൾ, നിങ്ങളെ രണ്ട് പേരേയും അല്ലാഹു തീ കൊണ്ടുള്ള രണ്ട് വള കൾ അണിയിക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ ? എ

---

[1] സകാത്ത് നൽകാത്ത ധനത്തെ ഖുർആൻ ആക്ഷേപിച്ച പദമാണ് കൻസ്

[2] അബൂദാവൂദ്

ന്ന് ചോദിച്ചു. അവർ രണ്ട് പേരും ഇല്ലെന്ന് പറഞ്ഞപ്പോൾ, പ്രവാചകൻ(ﷺ) പറഞ്ഞു: എങ്കിൽ നിങ്ങൾ രണ്ട് പേരും അവയുടെ സകാത്ത് നൽകുക.''[1]

കൂടാതെ അബ്ദുർറസാഖ്(ﷻ)തന്റെ മുസ്വന്നഫിൽ ഇബ്നു മസ്ഊദ്(ﷻ)വിൽ നിന്നും ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്:

**فِي الْحُلِيِّ الزَّكَاةُ** (ആഭരണത്തിന് സകാത്തുണ്ട്)[2]

ഉമർ (ﷻ) തന്റെ ഗവർണ്ണറായിരുന്ന അബൂമൂസൽ അശ്അരി (ﷻ)വിന് താഴെ പറയും പ്രകാരം എഴുതിയിരുന്നതായി ഇബ്നു അബീശൈബയും രേഖപ്പെടുത്തിയിട്ടുണ്ട്:

**عن شعيب قال كتب عمر إلى أبي موسى أن أؤمر من قبلك من نساء المسلمين أن يتصدقن من حليهن (مصنف ابن أبي شيبة 382/2 رقم : 10160)**

''ശുഐബ്(ﷻ) പറയുന്നു; ഉമർ(ﷻ) തന്റെ ഗവർണ്ണറായിരുന്ന അബൂമൂസൽ അശ്അരി(ﷻ)വിന് അദ്ദേഹത്തിന്റെ കീഴിലുള്ള മുസ്ലിം സ്ത്രീകളോട് അവരുടെ ആഭരണങ്ങൾക്ക് സകാത്ത് നൽകാൻ കൽപിക്കണം എന്ന് എഴുതിയിരുന്നു.''[3]

---

[1] തിർമിദി. അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ് നമ്പർ: 1396.
[2] അബ്ദുർറസാഖ്(റ) ന്റെ മുസ്വന്നഫ് , ത്വബ്റാനി.
[3] ഇബ്നു അബീ ശൈബ(റ)വിന്റെ മുസ്വന്നഫ്. 2/382 നമ്പർ: 10160



എന്നാൽ ആഭരണങ്ങൾ ധരിച്ചുകണ്ട സ്ത്രീകളോട് സകാത്ത് നൽകിയോ എന്ന നബി(ﷺ)യുടെ ചോദ്യത്തിൽ നിന്നും, 'ഇല്ല' എന്ന മറുപടി കേട്ടപ്പോൾ "എന്താണ് നരകശിക്ഷ അനുഭവിക്കാനായി അത് കൻസ്[1] ആക്കുവാനാണോ നീ ഉദ്ദേശിക്കുന്നത്" എന്ന് പറഞ്ഞതായ സ്വഹീഹായ ഹദീസുകളിൽ നിന്നും ആഭരണങ്ങളും അതിന് നിശ്ചയിച്ച നിസ്വാബ് എത്തിയാൽ സകാത്ത് നൽകണം എന്നതാണ് മനസ്സിലാകുന്നത്. അതായിരിക്കും സൂക്ഷ്മതയും.

## ആഭരണങ്ങളുടെ നിസ്വാബ്

ആഭരണങ്ങളുടെ നിസ്വാബ് നാണയത്തിന്റെ നിസ്വാബ് തന്നെയാണ്.

നബി(ﷺ)പറയുന്നു:

**فَإِذَا كانتْ لَكَ مِائَتَا دِرْهَمٍ وَحَالَ عَلَيْهَا الْحَوْلُ فَفِيهَا خَمْسَةُ دَرَاهِمَ وَلَيْسَ لَكَ شَيْءٌ يَعْنِي فِي الذَّهَبِ حَتَّى تَكُونَ لَكَ عِشْرُونَ دِينَارًا وَحَالَ عَلَيْهَا الْحَوْلُ فَفِيهَا نِصْفُ دِينَارٍ فَمَا زَادَ فَبِحِسَابِ ذَلِكَ (أبوداود ، صححه الألباني)**

'' നിന്റെ പക്കൽ ഇരുനൂറ് ദിർഹം (വെള്ളി) ഉണ്ടാവുകയും ഒരു വർഷം തികയുകയും ചെയ്താൽ അതിൽ നിന്ന് അഞ്ച് ദിർഹം (സകാത്ത് നൽകണം) സ്വ

---

[1] സകാത്ത് നൽകാത്ത ധനത്തിന് ഖുർആനും ഹദീസും ഉപയോഗിച്ച പദമാണ് കൻസ് എന്നത്. അത് നരകത്തിലിട്ട് പഴുപ്പിച്ച് അവന്റെ ശരീരഭാഗങ്ങൾ അതുകൊണ്ട് ചൂടുവെച്ച് പൊള്ളിക്കുന്നതുമാണ്.

ർണ്ണത്തിന് നിൻെറയടുക്കൽ ഇരുപത് ദീനാർ ഉണ്ടാകുന്നത് വരെ ഒന്നും നൽകേണ്ടതില്ല. (ഇരുപത് ദീനാർ ഉണ്ടായി) ഒരു വർഷം തികഞ്ഞാൽ ഒരു ദീനാറിൻെറ പകുതി നീ സകാത്ത് നൽകണം കൂടുതലുണ്ടാകുമ്പോൾ ഈ തോത് അനുസരിച്ച് കണക്കാക്കുകയും വേണം. ''[1]

സ്വർണ്ണാഭരണങ്ങൾ ആണല്ലൊ പ്രചാരത്തിലുള്ളത്; ഇരുപത് ദീനാർ ആണ് അതിൻെറ നിസ്വാബ് ആയി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇത് 85 ഗ്രാമിന് തുല്യമായതാണ്. അതിനാൽ 85 ഗ്രാമിൽ കൂടുതൽ സ്വർണ്ണം ഒരാളുടെ കൈവശമുണ്ടാകുമ്പോൾ, അതായത് പത്തര പവനിൽ കൂടുതൽ സ്വർണ്ണാഭരണം കൈവശം ഉള്ളവർ അതിൻെറ 2.5 % (രണ്ടര ശതമാനം) ഓരോ വർഷവും സകാത്ത് നൽകേണ്ടതാണ്.

എന്നാൽ ആഭരണങ്ങൾ ഇക്കാലത്ത് നിയന്ത്രിക്കുകയും നിരുൽസാഹപ്പെടുത്തുകയും ചെയ്യേണ്ട ഒരവസ്ഥയിലേക്കെത്തി നിൽക്കുകയാണ്. ആഭരണങ്ങൾ നൽകാൻ കഴിയാത്തതിൻെറ പേരിൽ വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം ചെയ്തു കൊടുക്കാൻ കഴിയാത്ത പാവപ്പെട്ട കുടുംബങ്ങൾ, ആഭരണങ്ങൾ അന്യരെ കാണിക്കാൻ വേണ്ടി ഇസ്‌ലാം കണിശമായും പാലിക്കാൻ നിർദ്ദേശിച്ച ഇസ്‌ലാമിൻെറ വസ്ത്രം ഉപേക്ഷിക്കുന്ന സ്ത്രീകൾ, ആഭരണങ്ങൾക്ക് വേണ്ടിയുള്ള വർദ്ധിച്ചുവരുന്ന കവർച്ചകൾ കൊലപാതകങ്ങൾ എന്നി

[1] അബൂദാവൂദ്. അൽബാനി സ്വഹീഹ് ആയി രേഖപ്പെടുത്തിയ ഹദീസ്.



ങ്ങനെ എല്ലാ നിലക്കും വിപത്തുകൾ വിലകൊടുത്തു വാങ്ങുന്ന അവസ്ഥകൾ മാത്രമാണ് ഇന്ന് ആഭരണങ്ങൾ മുഖേനെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

## സകാത്തിൻെറ അവകാശികൾ

സകാത്ത് നൽകേണ്ട വിഭാഗം ഏതൊക്കെയാണ് എന്നത് അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടുണ്ട് അവ താഴെ പറയുന്ന ഖുർആൻ വചനത്തിൽ നിന്നും മനസ്സിലാക്കാവു ന്നതാണ്.

إِنَّمَا الصَّدَقَاتُ لِلْفُقَرَاء وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللّهِ وَاللّهُ عَلِيمٌ حَكِيمٌ ( سورة التوبة 60)

'' ദാനധർമ്മങ്ങൾ (സകാത്ത്) നൽകേണ്ടത് ദരിദ്രന്മാർക്കും അഗതികൾക്കും, അതിൻെറ (സകാതിൻെറ) കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും, (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചന) കാര്യത്തിലും, കടംകൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിലും, യാത്രക്കാരനും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു''[1]

മനുഷ്യൻെറ സ്രഷ്ടാവായ പടച്ചതമ്പുരാൻ അവൻെറ പ്രയാസങ്ങളും വിഷമങ്ങളും മനസ്സിലാക്കി അ

[1] സൂറ തൗബ 60.

തിൽ നിന്നും അവരെ മോചിപ്പിക്കാനുള്ള മാർഗ്ഗങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ മുഖ്യമായ വിഷയമാകുന്നു സകാത്ത്. അതിനാൽ വ്യത്യസ്ത മേഖലകളിലുള്ള എട്ട് വിഭാഗത്തെ സകാത്തിൻെറ അവകാശികളായി അല്ലാഹു തന്നെ തിരഞ്ഞെടുത്ത് മുകളിൽ പറഞ്ഞ ആയത്തിലൂടെ അറിയിച്ചിരിക്കുകയാണ്.

## 1. ദരിദ്രന്മാർ

ജീവിതത്തിൻെറ ആവശ്യങ്ങൾ നിർവ്വഹിക്കാൻ യാതൊരു മാർഗ്ഗവും കാണാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിഭാഗമാണ് ഇവർ. തീർത്തും മററുള്ള ആളുകളെ ആശ്രയിച്ചാലല്ലാതെ ജീവിതം തള്ളി നീക്കാൻ കഴിയാത്ത ഇത്തരത്തിലുള്ളവർ സമൂഹത്തിൽ എക്കാലത്തും ഉണ്ടാകുന്നതാണ്. ഇവരെയാണ് സകാത്തിൻെറ അവകാശികളിൽ ഒന്നാമതായി അല്ലാഹു എടുത്ത് പറഞ്ഞത് എന്നത് തന്നെ അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിൻെറ പ്രാധാന്യമാണ് വിളിച്ചറിയിക്കുന്നത്.

## 2. അഗതികൾ

ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാനാവശ്യമായതിൻെറ പകുതിയിലധികം ഏറെക്കുറെ ഒപ്പിക്കാൻ കഴിയുമെങ്കിലും പ്രയാസവും കഷ്ടതകളുമില്ലാതെ ജീവിക്കാൻ മററുള്ളവരുടെ കനിവും കാരുണ്യവും ലഭിക്കുക തന്നെ വേണം. ഇത്തരത്തിലുള്ള ആളുകളെയാണ് അഗതികൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. മുകളിൽ പറഞ്ഞ ദരിദ്രവിഭാഗത്തെ എല്ലാവർക്കും എളുപ്പത്തിൽ



കണ്ടെത്താൻ കഴിഞ്ഞേക്കും. എന്നാൽ അഗതികൾ അവരുടെ അഭിമാനം സംരക്ഷിച്ച് അന്യരെ അറിയിക്കാതെ പ്രയാസപ്പെട്ട് ഞെരുങ്ങി കഴിഞ്ഞുകൂടുന്നവരായിരിക്കും അത്തരക്കാരെ കണ്ടറിഞ്ഞ് സകാത്ത് നൽകി അവരെ രക്ഷപ്പെടുത്താൻ ഇസ്ലാം പ്രത്യേകം ശ്രദ്ധയിൽ പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

## 3. സകാത്ത് ജോലിക്കാർ

ഒരു പ്രദേശത്ത് ഇസ്ലാം വിഭാവന ചെയ്യുന്ന സകാത്ത് സംഭരണ വിതരണ രീതി നടപ്പാക്കുമ്പോൾ അതിനായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ആവശ്യമായിവരും. ആളുകളുടെ വരുമാന മാർഗ്ഗം അന്വേഷിച്ചറിഞ്ഞ് സകാത്ത് നൽകാൻ ബാധ്യതയുള്ള ആളുകളെ കണ്ടെത്തി അവർ നൽകേണ്ട വിഹിതം ഓരോ കാലത്തും അറിയിച്ച് അത് സന്ദർഭാനുസൃതം അവരിൽ നിന്നും ശേഖരിക്കാനും, ആ പ്രദേശത്തെ ജനങ്ങളിലെ സകാത്തിൻെറ അവകാശികളെ തരം തിരിച്ച് അവർക്ക് അവകാശപ്പെട്ട വിഹിതം അവരിലേക്ക് എത്തിച്ചു കൊടുക്കലുമാണ് അവരുടെ പ്രധാന ചുമതല. അത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കേണ്ടത് സകാത്ത് ഫണ്ടിൽ നിന്ന് തന്നെയായിരിക്കണം. അതുകൊണ്ടാണ് അല്ലാഹു സകാത്തിൻെറ അവകാശികളെ എണ്ണിയപ്പോൾ മൂന്നാമതായി പറഞ്ഞ وَالْعَامِلِينَ عَلَيْهَا സകാത്തിൻെറ വിഷയത്തിൽ അദ്ധ്വാനിക്കുന്ന ഉദ്യോഗസ്ഥർ എന്ന് എണ്ണിയത്.

## 4. മനസ്സ് ഇണക്കപ്പെട്ടവർ

ഇസ്ലാമിലേക്ക് പുതുതായി കടന്ന് വന്ന വിശ്വാസികൾ, അതല്ലെങ്കിൽ മുസ്ലിംകൾക്ക് ഇടയിൽ ദീർഘ കാലമായുള്ള താമസം, മുസ്ലിംകളുടെ പ്രബോധന പ്രവർത്തനങ്ങൾ, പെരുമാററം എന്നിവയുടെ ഫലമായി ഏറെക്കുറെ മുസ്ലിമായാൽ തരക്കേടില്ല എന്ന മനസ്സുമായി കഴിഞ്ഞുകൂടുന്ന ആളുകൾ എന്നിവരാണ് ഇത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നവർ.

## 5. അടിമത്ത മോചനം

അടിമകളേയും, അമുസ്ലിംകളുടെ കൈകളിൽ തടവുകാരായി പിടിക്കപ്പെട്ട തടവുകാരെയും മോചിപ്പിച്ച് അവരെ മാനസികമായും സാമ്പത്തികമായും സഹായിച്ച് രക്ഷപ്പെടുത്തി സമാധാനപൂർവ്വമായ ജീവിതത്തിന് അവസരമുണ്ടാക്കാൻ ഇസ്ലാം ഉത്തരവാദപ്പെട്ടവരെ ചുമതലപ്പെടുത്തുന്നു. അതിനാവശ്യമായി വരുന്ന സാമ്പത്തിക ചിലവുകൾ സകാത്ത് ഫണ്ടിൽനിന്ന് എടുത്ത് വിനിയോഗിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

## 6. കടബാധ്യതയുള്ളവർ

ഇരു വിഭാഗങ്ങൾക്കിടയിൽ പരസ്പരം രഞ്ജിപ്പുണ്ടാക്കുന്നതിന് ശ്രമിക്കുന്ന ആളുകൾക്ക് ചിലപ്പോൾ ഒരാൾ മറെറാരാൾക്ക് നൽകാനുള്ള സാമ്പത്തിക ബാധ്യതകൾ ഏറെറടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുമ്പോഴുണ്ടാകുന്ന ബാധ്യതകൾ തീർക്കാൻ ചിലപ്പോൾ സ



ഹായം ആവശ്യമായി വന്നേക്കും, അതുപോലെ ജീവിത പ്രയാസങ്ങൾ കാരണം കടബാധ്യതകളിൽ അകപ്പെട്ട് കടം വീട്ടാൻ പ്രയാസപ്പെടുന്ന ആളുകളും സമൂഹത്തിലുണ്ടാകും അത്തരം വിഭാഗങ്ങൾക്കും സകാത്ത് നൽകി അവരെ രക്ഷപ്പെടുത്തണമെന്നാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

## 7. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ

ഇസ്ലാമിൻെറ സംരക്ഷണാർത്ഥം യുദ്ധത്തിലേർപ്പെടുന്ന പട്ടാളക്കാർ, വിദ്യഭ്യാസത്തിന് പ്രയാസപ്പെടുന്നവർ, ദൈവീക മാർഗ്ഗത്തിൽ പ്രബോധന സംബന്ധമായും മററും വരുന്ന ആവശ്യങ്ങൾ എന്നീ മാർഗ്ഗങ്ങളിലും ഒരു പ്രദേശത്തെ സകാത്തിൻെറ വിഹിതം ചിലവഴിക്കാവുന്നതാണ്.

## 8. വഴിയാത്രക്കാർ

ഇസ്ലാമിൻെറ ഒഴിച്ചുകൂടാൻ പററാത്ത ആവശ്യാർത്ഥം വരുന്ന യാത്രക്കാർ, വ്യക്തിപരമായ ആവശ്യാർത്ഥം മറെറാരു സ്ഥലത്തേക്ക് യാത്ര ചെയ്യേണ്ടതായി വരികയും അവിടെ എത്തിയ ശേഷം കയ്യിൽ കരുതിയ പണം തീർന്ന് പോവുകയോ, നഷ്ടപ്പെടുകയോ, മോഷ്ടിക്കപ്പെടുകയോ ചെയ്ത യാത്രക്കാർക്ക് അവരുടെ സ്വദേശത്തേക്ക് തിരിച്ചു വരാൻ ആവശ്യമായ പണം സകാത്ത് ഫണ്ടിൽ നിന്നും നൽകി അയാളെ സഹായിക്കൽ ആ നാട്ടുകാരുടെ ബാധ്യതയാണ്.

മേൽ പറയപ്പെട്ട എട്ട് വിഭാഗത്തിൽ മാത്രമായിരിക്കണം സകാത്ത് ചിലവഴിക്കേണ്ടത്. എന്നാൽ ഒരു പ്രദേശത്ത് എട്ട് വിഭാഗത്തിലും ആളുകളെ കണ്ടെത്തി നൽകിക്കൊള്ളണമെന്നല്ല മേൽ പറയപ്പെട്ടവർക്കല്ലാതെ ഒമ്പതാമത് ഒരു വിഭാഗത്തിൽ ചിലവഴിക്കരുത് എന്ന് മാത്രം. മേൽ പറയപ്പെട്ട വിഭാഗങ്ങൾ മുഴുവനായോ അതല്ലെങ്കിൽ അവയിൽ ചിലത് മാത്രമോ ഉണ്ടായാലും ഏററവും അർഹതപ്പെട്ട ഒന്നോ രണ്ടോ വിഭാഗത്തെ മാത്രം തിരഞ്ഞെടുത്ത് നൽകുന്നതിനും വിരോധമില്ല. ഓരോ പ്രദേശത്തെയും ആവശ്യങ്ങളുടെയും ആവശ്യക്കാരുടെയും സാഹചര്യങ്ങൾ മനസ്സിലാക്കി വിഷയങ്ങൾക്ക് മുൻഗണന നൽകി വിനിയോഗിക്കാവുന്നതാണ്.

## സകാത്ത് എങ്ങിനെ നൽകണം

സകാത്ത് വിതരണത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ വ്യക്തി വ്യക്തിക്ക് നൽകുന്ന രീതി ഇസ്ലാമിന്റെ ആദ്യകാലത്ത് പ്രവാചകൻ(ﷺ)യുടേയോ സ്വഹാബികളുടേയോ, സലഫുസ്വാലിഹുകളുടേയോ കാലത്ത് നടപ്പിലുള്ളതായി കാണാൻ കഴിയുന്നില്ല. സകാത്തിനെ സംബന്ധിച്ച് പറയപ്പെടുന്ന ഹദീസുകളിൽ സകാത്തിന്റെ സംഭരണ വിതരണ രീതിയിൽ ഒരു മൂന്നാം കക്ഷി അനിവാര്യമാണ് എന്ന് കാണാൻ സാധിക്കും.



പ്രവാചക വചനങ്ങളുടെ പ്രതിപാദന രീതി ശ്രദ്ധിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം മനസ്സിലാക്കാവുന്നതുമാണ്:

أُدْعُهُمْ إِلَى شَهَادَةِ أَنْ لاَ إِلَهَ إِلاَّ اللهُ وَأَنِّي رَسُولُ اللهِ فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنَّ اللهَ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ، فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنَّ افْتَرَضَ عَلَيْهِمْ صَدَقَةً فِي أَمْوَالِهِمْ تُؤْخَذُ مِنْ أَغْنِيَاءِهِمْ فَتُرَدُّ عَلَى فُقَرَاءِهِمْ (البخاري)

''നീ അവരെ അല്ലാഹുവല്ലാതെ ആരാധ്യനില്ല, ഞാൻ അവരിലേക്ക് നിയോഗിക്കപ്പെട്ട റസൂലാണ് എന്ന സാക്ഷ്യവാക്യത്തിലേക്ക് ക്ഷണിക്കുക. അക്കാര്യത്തിൽ അവർ നിന്നെ അനുസരിച്ചാൽ രാത്രിയിലും പകലിലുമായി അഞ്ച് സമയങ്ങളിലെ നമസ്കാരം അല്ലാഹു അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അതിലും അവർ നിന്നെ അനുസരിച്ചാൽ അല്ലാഹു അവരുടെ ധനത്തിൽ നിന്നും സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അത് അവരിലെ ധനികരിൽ നിന്നും സ്വീകരിച്ച് അവരിലെ ദരിദ്രരിൽ വിതരണം ചെയ്യുകയുമാണ് വേണ്ടത് ''[1]

അപ്പോൾ സകാത്ത് പിരിച്ചെടുക്കുകയും അർഹരായ അവകാശികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നതിന് ഒരു മൂന്നാം കക്ഷി മദ്ധ്യവർത്തികളായി ഉണ്ടാകൽ അനിവാര്യമാണ്. ഇക്കാര്യം സകാത്തിന്റെ അ

[1] ബുഖാരി.

വകാശികളെ വിശദീകരിച്ച ആയത്തിലൂടെയും മന സ്സിലാക്കാവുന്നതാണ്. സകാത്തിന്റെ കണക്കുകൾ ശരിയാക്കുക, പിരിച്ചെടുക്കുക, അർഹരായ അവ കാശികൾക്ക് എത്തിച്ചു കൊടുക്കുക, അതിന്റെ മു തൽ സൂക്ഷിക്കുകയും അത് സംരക്ഷിക്കുകയും ചെ യ്യുക എന്നീ കാര്യങ്ങൾക്ക് സ്ഥിരമായി ജോലി ചെ യ്യുന്ന തൊഴിലാളികൾ ആവശ്യമാണ്. അതുകൊണ്ട് തന്നെ അവർക്ക് ശമ്പളവും ആവശ്യമാണ്. അത് ക ണ്ടറിഞ്ഞുകൊണ്ടാണ് അല്ലാഹു സകാത്തിന്റെ അവ കാശികളെ എണ്ണിയപ്പോൾ 'വൽ ആമിലീന അലൈ ഹാ' (والعَامِلِينَ عَلَيْهَا) എന്ന് അതിന് വേണ്ടി അദ്ധ്വാനി ക്കുന്നവർ എന്ന ഒരു പ്രത്യേക വിഭാഗത്തെ എടുത്ത് പറഞ്ഞത്. ഇതിൽ നിന്നെല്ലാം സകാത്ത് വ്യക്തി വ്യ ക്തിക്ക് കൊടുക്കുന്ന സമ്പ്രദായമല്ല ഇസ്ലാം സകാ ത്ത് വിതരണത്തിന് കാണുന്ന രീതി എന്ന് തീർത്തും മനസ്സിലാക്കാവുന്നതാണ്. അല്ലാത്ത പക്ഷം വ്യക്തി തന്റെ സകാത്ത് നേരിട്ട് ദരിദ്രർക്ക് നൽകുമ്പോൾ ദരിദ്രരുടെ അഭിമാനത്തെപോലും ഹനിക്കുന്ന സംസാ രങ്ങളും പെരുമാററങ്ങളും അതുമൂലം ഉണ്ടാവുകയും അങ്ങിനെ ഗുണത്തേക്കാളേറെ ദോഷങ്ങളായി അത് മാറുകയും ചെയ്യുന്നു.

അതിനാൽ പണക്കാരന്റെ വീട്ടുമുററത്ത് തങ്ങളുടെ അഭിമാനം പണയംവെച്ച് അതിലൂടെ ലഭ്യമാകുന്ന മു തലാളിയുടെ ഔദാര്യമല്ല ഇസ്ലാമിലെ സകാത്ത്. അ ത് പാവങ്ങളുടെ അവകാശമായി ഇസ്ലാം നിശ്ചയി ച്ചിട്ടുള്ളതാണ്. അത് അവർക്ക് അവരുടെ വീടുകളിലേ



ക്ക് എത്തിച്ചുകൊടുക്കേണ്ട വ്യവസ്ഥകളും ഇസ്ലാം നിർദ്ദേശിച്ചു. പ്രവാചകൻ(ﷺ)യും അദ്ദേഹത്തിന്റെ പിൻഗാമികളായ ഖലീഫമാരും അതിന്റെ പ്രായോഗി ക രൂപം നമുക്ക് കാണിച്ചു തരികയും ചെയ്തു.

## സംഘടിത സകാത്തിന്റെ നേട്ടങ്ങൾ

ഇസ്ലാം വിഭാവന ചെയ്യുന്ന നിലക്ക് സകാത്ത് സം ഘടിതമായി ശേഖരിച്ച് വിതരണം ചെയ്യുന്ന രീതി കൊണ്ട് മാത്രമേ ഇസലാം മുന്നിൽ കാണുന്ന നേട്ടങ്ങ ൾ സകാത്ത് നൽകുന്നവരിലും സ്വീകരിക്കുന്നവരി ലും ഉണ്ടാക്കിയെടുക്കാൻ സാധ്യമാവുകയുള്ളൂ.

### 1. *സകാത്ത് ദാതാവിനെ ശുദ്ധീകരിക്കുന്നു*

സകാത്ത് വ്യക്തി വ്യക്തിക്ക് നൽകുമ്പോൾ ലഭി ക്കാത്ത പല നേട്ടങ്ങളും സംഘടിത സകാത്ത് മൂലം ലഭിക്കുന്നു. വ്യക്തികൾ മദ്ധ്യവർത്തികളില്ലാതെ നേ രിട്ട് നൽകുമ്പോൾ അത് സ്വീകരിക്കുന്നവനെ കാണു മ്പോൾ മനസ്സിൽ പൈശാചികമായ പല ചിന്തകളും ഉണ്ടായിത്തീരാനുള്ള സാധ്യത വളരെ കൂടുതലാണ്. എന്റെ സകാത്ത് വാങ്ങി ജീവിക്കുന്നവൻ കണ്ടിട്ട് തിരിഞ്ഞു നോക്കുന്നുപോലുമില്ല, അവന് സകാത്ത് നൽകിയാൽ തനിക്ക് എന്തെങ്കിലും ആവശ്യം വരു മ്പോൾ അവനെ ഉപയോഗപ്പെടുത്താൻ കഴിയും, ആളുകൾക്കിടയിൽ തനിക്ക് ഇത് മുഖേനെ സ്ഥാന വും പ്രശസ്തിയും ലഭിക്കണം എന്നിങ്ങനെ പല നില ക്കുള്ള അനാവശ്യ ചിന്തകളും ഉണ്ടാകാൻ ഇടയുണ്ട്.

സകാത്തിൻെറ ലക്ഷ്യമായി ഖുർആൻ പറഞ്ഞ, താഴെ പറയുന്ന തത്വത്തിന് അത് തീർത്തും എതിരാവുകയും ചെയ്യും.

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا ( سورة التوبة 103)

''അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം (സകാത്ത്) അവരുടെ സ്വത്തുകളിൽ നിന്ന് നീവാങ്ങുക''[1]

സകാത്തിലൂടെ ലഭ്യമാകേണ്ട സംസ്കരണം സംഘടിതമായി അത് നിർവ്വഹിക്കപ്പെടുമ്പോൾ മാത്രമെ ഉണ്ടായിത്തീരുകയുള്ളൂ.

## 2. സ്വീകരിക്കുന്നവൻെറ സംരക്ഷണം

പണക്കാരിൽ നിന്നും സകാത്ത് നേരിട്ട് സ്വീകരിക്കുന്നത് അൽപം അഭിമാന ബോധമുള്ളവർക്ക് മന:പ്രയാസമുണ്ടാക്കും എന്നത് തീർച്ചയാണ്, അതുപോലെ നമുക്ക് സകാത്ത് നൽകുന്ന മനുഷ്യനാണല്ലൊ എങ്ങിനെ അയാളുടെ മുന്നിൽ അഭിമുഖീകരിക്കും എന്ന ഒരു അധമമനോഗതിയും ഉണ്ടാകാനിടയുണ്ട്. സംഘടിത സ്വഭാവം മൂലം ഇവയെല്ലാം തീർത്തും ഇല്ലാതെയാക്കി മനുഷ്യർക്കിടയിൽ നിലനിൽക്കുന്ന ഉച്ചനീചത്വം തുടച്ചുനീക്കാൻ കഴിയും.

## 3. അർഹതപ്പെട്ടവർക്ക് എത്തുന്നു

[1] സൂറ തൗബ: 104.



സകാത്ത് സംഘടിതമായല്ലാതെ വിതരണം ചെയ്യപ്പെടുമ്പോൾ പലപ്പോഴും അവകാശികൾക്ക് ലഭിക്കാതെ പോവുകയോ, അനർഹരായിട്ടുള്ളവർ കൈക്കലാക്കുകയോ ചെയ്യപ്പെടാനുള്ള സാധ്യതകൾ ഏറെയാണ്. അതല്ലെങ്കിൽ അഭിമാനം പണയം വെച്ച് അന്യരുടെ മുന്നിൽ കൈ നീട്ടാൻ മടിക്കുന്നവർക്ക് തീരെ ലഭിക്കാതെയുംവരും. എന്നാൽ സംഘടിത സ്വഭാവത്തിലാണെങ്കിൽ മേൽ പറഞ്ഞതായ പ്രശ്നങ്ങളൊന്നും ഉദിക്കുന്നില്ല. എന്നുമാത്രമല്ല; അവയെല്ലാം പരിഹരിക്കപ്പെടുക കൂടി ചെയ്യുന്നു.

## 4. ദാരിദ്ര്യം ഇല്ലാതെയാക്കുന്നു

സംഘടിത സകാത്ത് വിതരണം മുഖേനെ ഒരു പ്രദേശത്തെ മൊത്തം ആവശ്യക്കാരുടെ കണക്കെടുത്ത് അതിൽ നിന്നും ഒരു നിശ്ചിത ശതമാനത്തെ ഓരോ വർഷവും പ്രത്യേകമായി തിരഞ്ഞെടുത്ത് അവരെ പൂർണ്ണമായും ധന്യരാക്കിത്തീർക്കുവാനും തുടർവർഷത്തിലെങ്കിലും അവരിൽ നിന്നും സകാത്ത് സ്വീകരിച്ച് മററുള്ളവർക്ക് നൽകാനുള്ള ഒരു അവസ്ഥയിലെത്തിക്കാനും കഴിയുന്നതാണ്. അങ്ങിനെ ആസൂത്രിതമായുള്ള ശ്രമം മൂലം ഒരു പ്രദേശത്തെ തീർത്തും ദരിദ്ര മുക്തമാക്കിത്തീർക്കാൻ കഴിയുകയും ചെയ്യും. പൂർവ്വീകരുടെ കാലത്ത് ഒരുപ്രദേശത്ത് സകാത്ത് വാങ്ങുവാൻ അവകാശികളില്ലാതെ അടുത്ത പ്രദേശങ്ങളിലേക്ക് നൽകിയിരുന്നതായി ചരിത്രത്തിൽ കാ

ഞാൻ കഴിയുന്നത് ഇത്തരത്തിലുള്ള വിതരണ രീതി മുഖേനെയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

### 5. സകാത്ത് ലക്ഷ്യം നിർവ്വഹിക്കപ്പെടുന്നു

സകാത്ത് മുഖേനെ സമൂഹത്തിലെ കഷ്ടതയനുഭവിക്കുന്ന വിഭാഗത്തെ കണ്ടെത്തി സഹായിച്ച് ഉന്നതരാക്കുക എന്ന ലക്ഷ്യം വ്യക്തി വ്യക്തിക്ക് നൽകുന്നതിലൂടെ നിർവ്വഹിക്കപ്പെടുന്നില്ല.

ദരിദ്രരും കടക്കെണിയിൽ കുടുങ്ങി പ്രയാസപ്പെടുന്നവരും വഴിയാത്രക്കാരും അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് ചെറിയ നിലക്കെങ്കിലും ഒരു ആശ്വാസം ലഭിക്കാനായി വ്യക്തികളെ സമീപിച്ച് പ്രയാസങ്ങൾക്ക് പരിഹാരമാരായൽ തീർത്തും അപ്രായോഗികവും അശാസ്ത്രീയവുമാണ്. അത്കൊണ്ട് തന്നെ സമൂഹത്തിന്റെ ബാധ്യതയാണ് അത്തരക്കാരെ സഹായിക്കൽ. അത് പ്രയാസമനുഭവിക്കുന്നവരുടെ അവകാശവും കൂടിയാണ്. അതാകട്ടെ സംഘടിതവും വ്യവസ്ഥാപിതവുമായ നിലക്കല്ലാതെ മാന്യമായി നിർവ്വഹിക്കപ്പെടാൻ സാധിക്കുകയുമില്ല.

## അതാത് പ്രദേശത്ത് നൽകുക

സകാത്ത് പരിച്ചെടുക്കുന്ന പ്രദേശത്ത് തന്നെ നൽകണം എന്നതാണ് നബി(ﷺ) സ്വഹാബികളോട് നൽകിയിരുന്ന ഉപദേശങ്ങളിൽ നിന്നും മനസ്സിലാകുന്നത്.



നബി(ﷺ) മുആദ്(رضي الله عنه)വിന് നൽകിയ ഉപദേശത്തിൽ ഇപ്രകാരം കാണാം:

اُدْعُهُمْ إِلَى شَهَادَةِ أَنْ لاَ إِلهَ إِلاَّ اللهُ وَأَنِّي رَسُولُ اللهِ فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنَّ اللهَ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ، فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنَّ اللهَ افْتَرَضَ عَلَيْهِمْ صَدَقَةً فِي أَمْوَالِهِمْ تُؤْخَذُ مِنْ أَغْنِيَاءِهِمْ فَتُرَدُّ عَلَى فُقَرَاءِهِمْ (البخاري)

''നീ അവരെ അല്ലാഹുവല്ലാതെ ആരാധ്യനില്ല, ഞാൻ അവരിലേക്ക് നിയോഗിക്കപ്പെട്ട റസൂലാണ് എന്ന സാക്ഷ്യവാക്യത്തിലേക്ക് ക്ഷണിക്കുക. അക്കാര്യത്തിൽ അവർ നിന്നെ അനുസരിച്ചാൽ രാത്രിയിലും പകലിലുമായി അഞ്ച് സമയങ്ങളിലെ നമസ്കാരം അല്ലാഹു അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അതിലും അവർ നിന്നെ അനുസരിച്ചാൽ അല്ലാഹു അവരുടെ ധനത്തിൽ നിന്നും സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അത് അവരിലെ ധനികരിൽ നിന്നും സ്വീകരിച്ച് അവരിലെ ദരിദ്രരിൽ വിതരണം ചെയ്യുകയുമാണ് വേണ്ടത് ''[1]

ഇവിടെ അവരിലെ ധനികരിൽ നിന്നും ശേഖരിച്ച് അവരിലെ ദരിദ്രരിൽ വിതരണം ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്. അത്കൊണ്ട് ഒരു പ്രദേശത്ത് സകാത്ത് സ്വീകരിക്കാൻ അവകാശികൾ ഇല്ലാത്ത അവസ്ഥയിൽ മാ

[1] ബുഖാരി.

ത്രമേ മററു പ്രദേശങ്ങളിലേക്ക് നൽകിക്കൂടൂ എന്ന് മനസ്സിലാക്കാവുന്നതാണ്.

## സകാത്ത് ദാതാക്കൾക്ക് പ്രാർത്ഥിക്കൽ

സകാത്ത് നൽകുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും അത് അവർക്ക് സമാധാനം നൽകുമെന്നും ഖുർആനും ഹദീസും വ്യക്തമാക്കുന്നുണ്ട്:

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ إِنَّ صَلاَتَكَ سَكَنٌ لَّهُمْ وَاللّهُ سَمِيعٌ عَلِيمٌ (سورة التوبة 103)

''അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം (സകാത്ത്) അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുക. അവർക്ക് വേണ്ടി നീ പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർത്ഥന അവർക്ക് സമാധാനമേകുക തന്നെ ചെയ്യും. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്''[1]

നബി(ﷺ) സകാത്ത് കൊണ്ടുവരുന്നവർക്കായി പ്രാർത്ഥിക്കാറുണ്ടായിരുന്നു:

كَانَ رَسُولُ اللهِ ﷺ إِذَا أَتَاهُمْ قَوْمٌ بِصَدَقَتِهِمْ قَال اللهُمَّ صَلِّ عَلَيْهِمْ فَأَتَاهُ أَبِي أَوْفَى بِصَدَقَتِهِ فَقَالَ اللهُمَّ صَلِّ عَلَى آلِ أَبِي أَوْفَى ( صحيح مسلم)

[1] സൂറ തൗബ: 103.



''നബി(ﷺ) അദ്ദേഹത്തിന്റെ അടുക്കൽ സകാത്തുമായി വരുന്നവർക്ക് വേണ്ടി ''അല്ലാഹുവേ, അവർക്ക് നീ നന്മ നൽകേണമേ'' എന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു. അബൂ ഔഫ തന്റെ സകാത്തുമായി വന്നപ്പോൾ ''അല്ലാഹുവേ, അബൂ ഔഫയുടെ കുടുംബത്തിന് നീ നന്മ നൽകേണമേ'' എന്ന് പ്രാർത്ഥിക്കുകയുണ്ടായി.''[1]

അപ്രകാരം തന്നെ സകാത്ത് പിരിച്ചെടുക്കുന്ന അവസരങ്ങളിൽ അവരുടെ ധനത്തിലെ ഏററവും മുന്തിയത് നിങ്ങൾ എടുക്കുന്നതും നിങ്ങൾ സൂക്ഷിക്കണം എന്ന് നബി (ﷺ) പ്രത്യേകം ഓർമ്മപ്പെടുത്തിയിരുന്നു. മുആദ്(رضي الله عنه) വിനെ യമനിലേക്ക് നിയോഗിച്ച അവസരത്തിൽ അദ്ദേഹത്തിന് നൽകിയിരുന്ന ഉപദേശത്തിൽ ഇപ്രകാരം കാണാൻ കഴിയും:

فإن هم أطاعوا لذلك فأعلمهم أن الله افترض عليهم صدقة في أموالهم تؤخذ من أغنيائهم فترد في فقرائهم فإن هم أطاعوا لذلك فإياك وكرائم أموالهم واتق دعوة المظلوم فإنها ليس بينها وبين الله حجاب (ابن ماجة 568/1 رقم: 1783 )

അതിലും അവർ നിന്നെ അനുസരിച്ചാൽ അല്ലാഹു അവരുടെ ധനത്തിൽ നിന്നും സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു എന്ന് അറിയിക്കുക. അത് അവരിലെ ധനികരിൽ നിന്നും സ്വീകരിച്ച് അവരിലെ ദിദ്രരിൽ

[1] മുസ്ലിം

വിതരണം ചെയ്യുകയാണ് വേണ്ടത്. അക്കാര്യത്തിൽ അവർ നിന്നെ അനുസരിച്ചാൽ അവരുടെ ധനത്തിലെ ഏററവും മുന്തിയത് എടുക്കുന്നത് നീ സൂക്ഷിക്കണം. മർദ്ദിതൻെറ പ്രാർത്ഥനയെ നീ സൂക്ഷിക്കണം അതിനും അല്ലാഹുവിനും ഇടയിൽ മറയുണ്ടാകുന്നതല്ല''[1]

സകാത്ത് പിരിച്ചെടുക്കുന്നവർ ഏററവും മുന്തിയത് എടുക്കുമ്പോൾ അത് ഉടമസ്ഥന് പ്രയാസമുണ്ടാക്കാൻ ഇടവരുത്തുകയും അവൻെറ മനസ്സ് അക്കാര്യത്തിൽ ഒരു പക്ഷേ അവർക്ക് എതിരാകാനും ഇടവരുത്തും. അതിനാൽ സകാത്ത് ഏററവും മുന്തിയതും ഏററവും മോശപ്പെട്ടതും അല്ലാത്ത നിലക്കുള്ളതായിരിക്കണം. ഇക്കാര്യം നൽകുന്നവരും പിരിച്ചെടുക്കുന്നവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സകാത്തും റമദാൻ മാസവും

സകാത്ത് വിതരണം റമദാൻ മാസവുമായി ബന്ധപ്പെടുത്തുന്ന ഒരു സമ്പ്രദായം ഇന്ന് മിക്ക പ്രദേശങ്ങളിലും കണ്ടുവരുന്ന ഒന്നാണ്. ഇതിനും അടിസ്ഥാനമില്ല എന്നതാണ് വസ്തുത. സംഘടിത സകാത്ത് സംഭരണ വിതരണ രീതി നടപ്പില്ലാത്ത പ്രദേശങ്ങളിലാണ് ഇത് കൂടുതലായി കണ്ടുവരാറുള്ളത്. ഇത് സകാത്ത് കൊടുക്കാതിരിക്കാനുള്ള ഒരു ഉപായമായും ചിലരെങ്കിലും കണ്ടെത്തുന്ന ഒരു തന്ത്രം കൂടിയാണ്. പാവങ്ങളായ ചിലർ പണക്കാരിൽ നിന്നും സകാത്ത് വക

[1] സ്വഹീഹ് ഇബ്നു മാജ 1/568 നമ്പർ : 1783



യിലെങ്കിലും എന്തെങ്കിലും കിട്ടുമെന്ന് കരുതി തങ്ങളുടെ അഭിമാനം പോലും പണയപ്പെടുത്തി പണക്കാരുടെ വീട്ടുമുററത്ത് എത്തിപ്പെടുമ്പോൾ അതെല്ലാം റമദാനിൽ കൊടുത്തു കഴിഞ്ഞു എന്ന് പറഞ്ഞ് മടക്കി അയക്കാറാണ് അത്തരക്കാരുടെ പതിവ്.

സകാത്ത് യഥാർത്ഥത്തിൽ ഓരോരുത്തരുടേയും വരുമാനം ലഭ്യമാകുന്ന സമയം ഏതാണോ അതേ സമയത്ത് തന്നെ കൊടുത്തു വീട്ടേണ്ടതാണ്. ഒരാൾ കച്ചവടം തുടങ്ങിയത് റമദാൻ മാസത്തിലാണ് എങ്കിൽ അയാൾ വർഷം തികയുമ്പോൾ കണക്ക് നോക്കി റമദാൻ മാസത്തിൽ കൊടുക്കാവുന്നതാണ്. അതല്ലാതെ എല്ലാ ആളുകളും സകാത്ത് കൊടുക്കാനായി റമദാൻ മാസം വരാൻ കാത്തുനിൽക്കുന്നതിൽ പ്രത്യേകം പുണ്യമൊന്നുമില്ല. റമദാനിൻെറ പുണ്യം ഐഛിക ദാന ധർമ്മങ്ങൾക്ക് ഉപയോഗപ്പെടുത്താൻ പറഞ്ഞത് തെററിദ്ധരിച്ചായിരിക്കാം ഇങ്ങനെ ഒരു ധാരണ മുസ്ലിം സമൂഹത്തിൽ കടന്നുവന്നത്. നിർബന്ധമായും നിർവ്വഹിക്കേണ്ടതായ ഒരു കാര്യം, അത് നിർവ്വഹിക്കാതെ റമദാൻ വരെ നീട്ടിക്കൊണ്ടുപോകൽ പലപ്പോഴും കുററകരമായേക്കാനും ഇടവരുത്തുന്നതാണ്. ഒരാൾ താൻ കൊടുത്ത് തീർക്കേണ്ടതായ സകാത്ത്, അത് നിർബന്ധമായ സമയത്ത് കൊടുക്കാതെ റമദാൻ വരാൻ കാത്തുനിൽക്കുന്നതിനിടയിൽ അയാൾ മരണപ്പെടുകയാണ് എങ്കിൽ സകാത്ത് കൊടുക്കാത്ത കുററത്തിൽനിന്നും അയാൾ മുക്തനാകുന്നതല്ല. നാം ഒരാളിൽ നിന്നും കടമായി കൈപ്പററിയ മുതൽ എപ്പോഴാണോ അത് വീട്ടാനാവശ്യമായ സംഖ്യ നമ്മുടെ

കൈവശം വരുന്നത് അപ്പോൾ തന്നെ അത് വീട്ടൽ നിർബന്ധമാണ്. ഒരാൾ അത് കൊടുത്ത് വീട്ടാൻ റമദാൻ കാത്തുനിൽക്കുകയാണെങ്കിൽ അത് ശരിയല്ല; എന്നത് ഏതൊരാളും സമ്മതിക്കുന്നതാണ്. അതുപോലെത്തന്നെയാണ് സകാത്തിനേയും നാം കാണേണ്ടത്.

സകാത്ത് നൽകുന്ന വിഷയത്തിൽ റമദാൻ മാസത്തിന് തന്നെ പ്രത്യേകതയൊന്നുമില്ലെന്ന് മനസ്സിലാകുമ്പോൾ റമദാൻ 27 ാം രാവ് കാത്തിരിക്കുന്നതിലും അർത്ഥമില്ലെന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. റമദാൻ 26 ന് സകാത്തിൻെറ പേര് പറഞ്ഞ് സ്ത്രീകൾ അടക്കം ചെറിയവരും വലിയവരും പണക്കാരുടെ വീടുകൾ തോറും കയറിയിറങ്ങുന്ന, ഇസ്ലാമിൻെറ പവിത്രമായ സംസ്കാരത്തിന് പോലും കളങ്കമേൽപ്പിക്കുന്ന വൃത്തികെട്ട രീതി ഇന്നും പല പ്രദേശങ്ങളിലും നിലനിൽക്കുന്നുണ്ട്. റമദാനിലെ പുണ്യമാക്കപ്പെട്ട വ്രതമനുഷ്ഠിച്ചുകൊണ്ട് നിർവ്വഹിക്കുന്ന ലജ്ജാഹമായ ഈ രീതി എത്ര മോശപ്പെട്ടതാണ്.

ഇത്തരം ആഭാസകരമായ അവസ്ഥയിലേക്ക് ഇസ്ലാം വിഭാവനം ചെയ്യുന്ന സകാത്ത് രീതി തരംതാണുപോകാൻ റമദാൻ ഇരുപത്തേഴാം രാവാണ് ഒരുകൊല്ലത്തെ സകാത്ത് കൊടുക്കേണ്ട ദിവസം എന്ന വികലമായ വിശ്വാസം ചിലരിൽ നിലനിൽക്കുന്നത് മൂലമാണ്. പല മുതലാളിമാരും അന്ന് ആളുകൾ തൻെറ വീട്ടുമുററത്ത് യാചകാരായി എത്തുന്നതിൽ അഭിമാനം കണ്ടെത്തുന്നു. അതിനായി ആ ദിവസത്തേക്ക്



നാണയത്തുട്ടുകൾ ഒരുക്കി തയ്യാറാക്കി വീട്ടിൽ എത്തുന്നവർക്ക് ഇട്ടുകൊടുത്ത് ഇത്തരം ദുരാചാരത്തെ നില നിർത്തിപ്പോരുകയും ചെയ്തുവരുന്നു.

പാവനമായ ഇസ്ലാമിക സംസ്കാരത്തെ കളങ്കപ്പെടുത്തി, ഉദാത്തമായ സകാത്ത് വ്യവസ്ഥയെ മലിനപ്പെടുത്തു ന്ന ഈ ദുരവസ്ഥ കണ്ടിട്ടും കണ്ണടക്കുന്ന പുരോഹിതന്മാരുടെ മൗനമാണ് ഏറെ വിചിത്രം !?

നമസ്കാരത്തിന് നബി(ﷺ) അനുവദിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്ത മാതൃക പിൻപററി പള്ളികളിലേക്ക് നമസ്കാരത്തിനായി പോകുന്ന മുസ്ലിം സ്ത്രീകൾക്കും അതിന് സൗകര്യം ചെയ്തുകൊടുക്കുന്നവർക്കും നേരെ ഹറാം ഫത്വയുമായി ഇറങ്ങുന്നവർ സകാത്തിനായി വീടുതെണ്ടുന്ന സ്ത്രീകളുടേയും ധനാഢ്യരുടേയും നേരെ കണ്ണടക്കുന്നതിലെ വിരോധാഭാസവും നാം മനസ്സിലാക്കേണ്ടതാണ്. ഈ രീതി നില നിർത്തിയെങ്കിൽ മാത്രമാണ് തങ്ങളുടേയും നില ഭദ്രമായിത്തീരുകയുള്ളൂ. എല്ലാ വീടുകളിൽ നിന്നും 27 ാം രാവിൽ സകാത്ത് വിഹിതം തങ്ങൾക്കും ലഭിക്കുമല്ലോ എന്ന ചിന്തയാകും അവർക്ക് !! അല്ലാഹുവിൻെറ പ്രഖ്യാപനം എത്ര വ്യക്തം:

يَا أَيُّهَا الَّذِينَ آمَنُواْ إِنَّ كَثِيرًا مِّنَ الأَحْبَارِ وَالرُّهْبَانِ لَيَأْكُلُونَ أَمْوَالَ النَّاسِ بِالْبَاطِلِ وَيَصُدُّونَ عَن سَبِيلِ اللّهِ ( سورة التوبة 34)

''സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അ

ന്യായമായി തിന്നുകയും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നും (അവരെ) തടയുകയും ചെയ്യുന്നു.''[1]

## സകാത്ത് കമ്മിററി

നബി(ﷺ)യുടെയും ഖുലഫാഉർറാഷിദുകളുടെയും കാലത്ത് സംഘടിത സകാത്ത് കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായ ചുമതലകൾ ഏൽപ്പിക്കപ്പെട്ട സ്വഹാബികളെ നമുക്ക് ചരിത്രത്തിൽ കണ്ടെത്താൻ കഴിയുന്നതാണ്. ഉദാഹരണമായി അബൂസഈദുൽ ഖുദ്രിയ്യ്(﵁)വിനെ സകാത്ത് പിരിച്ചെടുക്കുന്നതിനും അബൂഹുറൈറ(﵁)വിനെ സകാത്ത് മുതൽ സൂക്ഷിപ്പിൻെറ കാവൽക്കാരനായും ചുമതല ഏൽപ്പിച്ചിരുന്നതായി കാണാൻ കഴിയും.

ഇതിൽ നിന്നെല്ലാം സകാത്ത് സമ്പ്രദായം സ്ഥിരമായി നി ലനിൽക്കുന്ന സ്ഥാപനമായി വർത്തിച്ചിരുന്നതായാണ് മനസ്സിലാകുക. കാരണം സകാത്ത് സമൂഹത്തിൽ എല്ലാ കാലത്തും വിനിമയം ചെയ്യപ്പെടേണ്ട ഒന്നായാണ് ഖുർആനും ഹദീസും പരിചയപ്പെടുത്തുന്നത്. സഹായവും സഹകരണവും എല്ലാ സമയത്തും ആവശ്യമായിവരും എന്നതും തർക്കമററതാണല്ലൊ. അതുകൊണ്ട് തന്നെ മററെല്ലാ വിഷയങ്ങളെ പോലെത്തന്നെ സകാത്ത് വിതരണ രീതിയിലും നബി(ﷺ) മാതൃക കാണിച്ചു തന്നിട്ടുണ്ട്. അത് ഇസ്ലാമിക ഭരണം നിലവിലുള്ള പ്രദേശമാണെങ്കിൽ മററെല്ലാ വിഷയങ്ങളെപ്പോലെ ഭരണാധികാരിയുടെ നേതൃത്വത്തിലോ അതല്ലെങ്കിൽ ഭരണാധികാരി നിയമിക്കുന്നവരുടെ ചുമതലയിലോ നിർവ്വഹിക്കപ്പെടേണ്ടതാണ്. ഇന്നത്തെ സാഹചര്യത്തിൽ ഭരണാധികാരിയുടെ നിയന്ത്രണത്തിൽ നിർവ്വഹിക്കപ്പെട്ടിരുന്ന കാര്യങ്ങൾ മഹല്ല് കമ്മിററി നേരിട്ടോ അതല്ലെങ്കിൽ മഹല്ല് കമ്മിററി ചുമതലപ്പെടുത്തുന്ന വ്യക്തികളോ ആണ് നിർവ്വഹിക്കുന്നത്. അതുകൊണ്ട് തന്നെ സകാത്ത് വിഷയവും മഹല്ല് കമ്മിററി നേരിട്ടോ അതല്ലെങ്കിൽ മഹല്ല് കമ്മിററി ചുമതലപ്പെടുത്തുന്നവരോ അതുമല്ലെങ്കിൽ സകാത്ത് വിഷയത്തിന് മാത്രമായി ഒരു പ്രദേശത്ത് പ്രത്യേകമായി സകാത്ത് കമ്മിററിയോ രൂപീകരിച്ച് അതിൻെറ കീഴിൽ നിർവ്വഹിക്കപ്പെടുകയോ ചെയ്യുമ്പോൾ മാത്രമാണ് പ്രസ്തുത വിഷയത്തിലെ സുന്നത്ത് നിർവ്വഹിക്കപ്പെടുന്നത്.

[1] സൂറ തൗബ: 24.



## കമ്മിററി വിരോധികളും ദുർന്യായങ്ങളും

സമൂഹത്തിൽ മററെല്ലാ വിഷയങ്ങളിലെന്ന പോലെ സകാത്ത് സംഘടിതമായി വിതരണം ചെയ്യുന്നതിനെതിരിലും ചില അപശബ്ദങ്ങൾ കേൾക്കാറുണ്ട്. അത്തരക്കാരുടെ വാദഗതികളും അവയുടെ സത്യാവസ്ഥയും എന്തെന്ന് പരിശോധിക്കാം.

**I.** ഇസ്ലാമിക ഭരണമുള്ള കാലത്ത് മാത്രമാണ് സംഘടിത വിതരണ രീതി നിലനിന്നിരുന്നത്. ഇന്ന് നമ്മുടെ നാട്ടിൽ ഇസ്ലാമിക ഭരണമില്ലാത്തത് കൊണ്ട് നമുക്കത് ബാധകമല്ല.

ഇസ്ലാമിക ഭരണമുള്ള കാലത്ത് നടത്തപ്പെട്ടിരുന്ന അനേകം വിഷയങ്ങൾ ഇസ്ലാമിലുണ്ട്. അവയിൽ പെട്ടതാണ് സംഘടിത നമസ്കാരം, സംഘടിത സകാത്ത്, വിവാഹ - വിവാഹമോചന സംബന്ധമായ വിഷയങ്ങൾ, അനന്തര സ്വത്ത് സംബന്ധമായ തർക്കങ്ങൾക്കുള്ള പരിഹാരങ്ങൾ . . . എന്നതുപോലുള്ള വിഷയങ്ങൾ. ഇവയിൽ സകാത്ത് സംബന്ധമായ വിഷയങ്ങൾക്ക് മാത്രം ഭരണപ്രശ്നവും മററ് വിഷയങ്ങൾ മഹല്ല് അടിസ്ഥാനത്തിൽ ഖത്വീബ്/ഖാദിമാർ നിർവ്വഹിക്കുകയും ചെയ്തു വരുന്നു. ഇതിൽ സകാത്ത് വിഷയം മാത്രം മഹല്ല് അടിസ്ഥാനത്തിൽ ഖത്വീബ്/ഖാദിക്ക് നടത്തിക്കൂടാത്തതാണ് എന്നതിന് പ്രത്യേകം തെളിവ് ഉദ്ധരിക്കാൻ കഴിയാത്തേടത്തോളം മേൽ പറയപ്പെട്ട വാദം അടിസ്ഥാന രഹിതമാണ്.

**2.** വ്യക്തികൾ നേരിട്ട് നിർവ്വഹിക്കുമ്പോൾ അവരവരുടെ അടുത്ത കുടുംബക്കാരെ പരിഗണിക്കാനും അവരെ പ്രത്യേകമായി സഹായിക്കാനും സാധിക്കും. കമ്മിററി മുഖേനെ സംഘടിതമായി നിർവ്വഹിക്കുമ്പോൾ അതിനുള്ള അവസരം നഷ്ടപ്പെടുന്നു.

സകാത്ത് വിനിയോഗിക്കേണ്ടത് ആർക്കൊക്കെയാണ് എന്നത് പടച്ചവൻ തന്നെ വ്യക്തമാക്കിത്തന്നിട്ടുണ്ട്:

إِنَّمَا الصَّدَقَاتُ لِلْفُقَرَاء وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللّهِ وَاللّهُ عَلِيمٌ حَكِيمٌ ( سورة التوبة 60)



'' ദാനധർമ്മങ്ങൾ (സകാത്ത്) നൽകേണ്ടത് ദരിദ്രന്മാർക്കും അഗതികൾക്കും, അതിൻെറ (സകാതിൻെറ) കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും, (ഇസ്ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചന) കാര്യത്തിലും, കടംകൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിലും, യാത്രക്കാരനും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു''[1]

സകാത്ത് വിനിയോഗിക്കേണ്ടതായ, സകാത്തിൻെറ അവകാശികളെ വിവരിക്കുന്ന മുകളിൽ പറഞ്ഞ ആയത്തിൽ കുടുംബക്കാരെ അല്ലാഹു എണ്ണിയിട്ടില്ല. അതുകൊണ്ട് തന്നെ മുകളിൽ പറഞ്ഞ വാദത്തിൻെറ പൊള്ളത്തരം വ്യക്തമാകുന്നതാണ്. എന്നാൽ കുടുംബത്തെ സഹായിക്കണം എന്നത് ഇവിടെ അവഗണിക്കുന്നില്ല. അതിനായി മററ് മാർഗ്ഗങ്ങൾ സ്വദഖയും (ഐഛികദാനം) സഹായങ്ങളും ഇസ്ലാം നിശ്ചയിച്ചിട്ടുമുണ്ട്.

ഒരു പ്രദേശത്തുള്ള പാവപ്പെട്ടവരുടെ ലിസ്ററിൽ എന്തായിരുന്നാലും മേൽ പറയപ്പെട്ട കുടുംബക്കാർ ഉൾപ്പെടാതെ പോവുകയുമില്ല. അതുകൊണ്ട് സംഘടിതമായി നൽകുമ്പോൾ അവരുടെ അവകാശം അവരിലേക്ക് കൃത്യമായി എത്തുകയും ചെയ്യുന്നതാണ്.

[1] സൂറ തൗബ 60.

കുടുംബത്തിൻെറ പേര് പറഞ്ഞ്, സകാത്ത് നൽകുന്നതിൽ നിന്ന് അകന്ന് നിൽക്കാനും ആളുകൾ മേൽ പറയപ്പെട്ട വാദം ഉപായമായി കണ്ടെത്താറുണ്ട്.

**3.** വ്യക്തികൾ നേരിട്ട് നൽകുമ്പോൾ അവകാശികൾക്ക് തന്നെ കൃത്യമായി അത് എത്തിച്ചു; എന്ന് ഉറപ്പ് വരുത്തുകയും സമാധാനിക്കുകയും ചെയ്യാം. എന്നാൽ സംഘടിതമായി നൽകുമ്പോൾ ഇങ്ങിനെ ഒരു മനസ്സമാധാനം ലഭിക്കുകയില്ല.

ഈ വിഷയത്തിൽ നമ്മുടെ മനസ്സമാധാനമോ തൃപ്തിയോ അല്ല നാം പ്രാധാന്യത്തോടെ കാണേണ്ടത്. മറിച്ച് ഏതൊരു വിഷയത്തിലേയും പ്രവാചകചര്യ എന്താണെന്ന് അന്വേഷിക്കുകയും അതിന് എതിരാകാതിരിക്കാൻ ശ്രദ്ധിക്കുകയുമാണ് നാം ചെയ്യേണ്ടത്. പ്രവാചകമാതൃക വ്യക്തമായതിന് ശേഷം വിശ്വാസികളായ പൂർവ്വികരുടെ മാർഗ്ഗം കയ്യൊഴിക്കുന്നവർ താഴെ പറയുന്ന ആയത്തിൻെറ ഗൗരവം ഓർക്കുന്നത് നന്നായിരിക്കും.

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءتْ مَصِيرًا (سورة النساء 115)

''തനിക്ക് സന്മാർഗ്ഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും പ്രവാചകനുമായി എതിർത്തു നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗ്ഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവർ തിരിഞ്ഞ വഴിക്ക്



തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാം അവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം''[1]

നബി(ﷺ)യുടെ അടുക്കൽ ഒരു സ്വഹാബി വന്ന് ചോദിച്ച ചോദ്യവും അതിന് പ്രവാചകൻ(ﷺ) നൽകിയ മറുപടിയും കാണുക:

عَنْ أنس رضي الله عنه أنّ رَجُلاً قال لِرسُولِ الله ﷺ إذَا أدَّيْتُ الزكاةَ إلى رَسُولِكَ فَقَدْ بَرِئْتُ مِنْهاَ إلى الله ورسوله ؟ قالَ نَعَمْ إذَا أدَّيْتَ إلَيَّ فَقَدْ بَرِئْتَ مِنْهاَ إلى الله ورسوله فَلَكَ أجْرُهَا وَإثْمُهَا عَلَى مَنْ بَدَّلَهَا (رواه أحمد)

അനസ്(رضي الله عنه) പറയുന്നു: നബി(ﷺ)യുടെ അടുക്കൽ ഒരാൾ വന്ന് ചോദിച്ചു''പ്രവാചകരേ, എൻെറ സകാത്ത് ഞാൻ നിങ്ങളുടെ ദൂതനെ ഏൽപ്പിച്ചാൽ അല്ലാഹുവിനോടും റസൂലിനോടും ആ വിഷയത്തിലുള്ള എൻെറ ബാധ്യത നിർവ്വഹിക്കപ്പെടുമോ ? അതെ. നീ അത് നൽകിക്കഴിഞ്ഞാൽ അല്ലാഹുവിനോടും റസൂലിനോടും ആ വിഷയത്തിലുള്ള നിൻെറ ബാധ്യത നിർവ്വഹിക്കപ്പെടുക തന്നെ ചെയ്തു. നിനക്ക് അതിൻെറ പ്രതിഫലപ്പെടുക തന്നെ ചെയ്തു. നിനക്ക് അതിൻെറ പ്രതിഫലവും ലഭിച്ചുകഴിഞ്ഞു. അതിൽ എന്തെങ്കിലും തിരിമറി നടത്തിയാൽ അവർക്ക് അതിൻെറ കുററവും ലഭിക്കും.''[2]

[1] സൂറ നിസാഅ് 115.

[2] മുഖ്തസ്വറ് അഹ്മദ്

**4.** നമ്മുടെ സകാത്ത് വിഹിതം നാം സകാത്ത് കമ്മിററിയെ ഏൽപ്പിച്ചാൽ അവർ അത് സ്വന്തം ആവശ്യത്തിനോ അതല്ലെങ്കിൽ അവർക്ക് താൽപര്യമുള്ള മററ് വിഷയങ്ങളിലേക്കോ ചിലവഴിക്കുമോ എന്ന് നാം അറിയുകയില്ല. അതിനാൽ അവനവൻ തന്നെ സ്വന്തമായി നിർവ്വഹിച്ചാൽ ഇത്തരം പ്രശ്നങ്ങളൊന്നുമുണ്ടാവുകയില്ല.

سهيل بن أبي صالح أتيت سعد بن أبي وقاص فقلت عندي مال وأريد إخراج زكاته وهؤلاء القوم على ما ترى قال ادفعها إليه فأتيت ابن عمر وأبا هريرة وأبا سعيد رضي الله عنهم فقـالوا مثل ذلك (مختصر إرواء الغليل للألباني 168/1 رقم : 874)

'' സഹ്ലുബ്നു അബീസ്വാലിഹ്(ﷺ)വിൽ നിന്ന്, ഞാൻ സഅദ് ബ്നു അബീവഖാസ് (ﷺ)വിൻെറ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു: എൻെറ പക്കലുള്ള ധനത്തിന് ഞാൻ സകാത്ത് നൽകാൻ ഉദ്ദേശിക്കുന്നു, എന്നാൽ ആളുകളുടെ അവസ്ഥ നിങ്ങൾക്ക് അറിയാമല്ലൊ. (എന്നാലും) നീ അവരിലേക്ക് തന്നെ ഏൽപിക്കുക. അപ്പോൾ ഞാൻ ഇബ്നു ഉമർ, അബൂഹുറൈറ, അബൂ സഈദ് (ψ) എന്നിവരുടെ അടുക്കൽ ചെന്ന് (അന്വേഷിച്ചു) അപ്പോൾ അവരും അങ്ങിനെത്തന്നെയാണ് പറഞ്ഞത്. ''[1]

നാം സകാത്ത് കമ്മിററിയേയോ അതല്ലെങ്കിൽ ഏതെ

[1] അൽബാനിയുടെ മുഖ്തസറു ഇർവാഉൽ ഗലീൽ 1/168 നമ്പർ : 874



ങ്കിലും ഒരു വ്യക്തിയേയോ ചുമതലപ്പെടുത്തി അത് ഏൽപ്പിച്ചുകഴിഞ്ഞാൽ നമ്മുടെ ഉത്തരവാദിത്വം നിർവ്വഹിച്ചു കഴിഞ്ഞു. ബാക്കി കാര്യങ്ങൾ അവരും പടച്ചവനും തമ്മിൽ ആയിക്കഴിഞ്ഞു. എന്നാലും നബി (ﷺ) യും മുൻഗാമികളും നിർവ്വഹിച്ച് മാതൃക കാണിച്ച ഒരു വിഷയം നമ്മുടെ ചിന്തകൾക്ക് അനുസരിച്ച് മാററം വരുത്താൻ നമുക്ക് അവകാശമില്ല.

## ഫിത്വ്ർ സകാത്ത്

റമദാൻ അവസാനിക്കുന്നതോടുകൂടി മുസ്ലിംകൾക്ക് നിർബന്ധമായിത്തീരുന്ന ദാനമാണ് ഫിത്വർ സക്കാത്ത്. സാധാരണ സക്കാത്തുപോലെ സമ്പത്തിൻെറ തോതനുസരിച്ചല്ല ഇത് കണക്കാക്കുക. അതുകൊണ്ടുതന്നെ ധനത്തിൻെറ സക്കാത്ത് നൽകൽ ബാധ്യതയില്ലാത്തവരും ഇത് നൽകേണ്ടതായിവരും.

### ആർക്കൊക്കെയാണ് നിർബന്ധമുള്ളത് :

أَنَّ رَسُولُ اللهِ ﷺ فَرَضَ زَكَاةَ الْفِطْرِ مِنْ رَمَضَانَ عَلَى النَّاسِ صَاعًا مِنْ تَمْرٍ أَوْ صَاعًا مِنْ شَعِيرٍ عَلَى كُلِّ حُرٍّ أَوْ عَبْدٍ ، ذَكَرٍ وَأُنْثَى مِنَ الْمُسْلِمِينَ (مسلم)

''നബി(ﷺ), മുസ്ലിംകളിലെ അടിമകൾ, സ്വതന്ത്രന്മാർ, പുരുഷന്മാർ, സ്ത്രീകൾ എന്നിങ്ങനെ എല്ലാവരുടെ മേലും ഓരോ സ്വാഅ് (രണ്ട് കിലോവിനേക്കാൾ

അൽപം കൂടുതൽ) കാരക്കയോ ബാർളിയോ ഫിത്ർ സക്കാത്ത് നൽകൽ നിർബന്ധമാക്കിയിരിക്കുന്നു.''[1]

ഫിത്ർ സകാത്ത് നൽകൽ നിർബന്ധമായിത്തീരുന്നതിന് പ്രത്യേക നിസ്വാബ് നിർണ്ണയിക്കപ്പെട്ടിട്ടില്ല. ഒരു വ്യക്തിയുടെ വശം തൻേറയും താൻ ചിലവു നൽകാൻ ബാധ്യതയുള്ളവരുടേയും പെരുന്നാൾ ദിവസത്തെ ചിലവു കഴിച്ച് ധനം ബാക്കി യുള്ളവരെല്ലാം ഇത് നൽകേണ്ടതാണ് എന്ന വിഷയത്തിൽ മുസ്‌ലിം പൺഢിതന്മാർക്ക് ഇടയിൽ അഭിപ്രായ വ്യത്യാസമില്ല.

അതാകട്ടെ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ ചെറിയവർക്കും വലിയവർക്കും, അടിമകൾക്കും സ്വതന്ത്രർക്കും എല്ലാവർക്കു വേണ്ടിയും നൽകൽ നിർബന്ധമാണ്.

## ഫിത്വർസകാത്തിൻെറ ലക്ഷ്യം

നബി(ﷺ)പറഞ്ഞു:

زَكاةَ الفِطَر ِطُهْرَةَ للصائم مَنَ اللغو وَالرَّفَثِ وَطعمةَ لَلْمَساكِين (أبوداود وابن ماجة صحيح الجامع للألباني رقم: 3570)

''ഫിത്വർ സകാത്ത് നോമ്പുകാരനിൽ സംഭവിച്ചേക്കാനിടയുള്ള അനാവശ്യങ്ങളിൽ നിന്നും തെററുകളിൽ നിന്നുമുള്ള ശുദ്ധീകരണവും ദരിദ്രർക്കുള്ള ഭക്ഷണ

[1] മുസ്‌ലിം



വുമാണ്.''[1] മററു ചില റിപ്പോർട്ടുകളിൽ പെരുന്നാൾ ദിവസമെങ്കിലും യാചനയിൽ നിന്ന് ആളുകൾ രക്ഷപ്പെടാൻ വേണ്ടിയും കൂടിയാണ്; എന്നും കാണാവുന്നതാണ്. എന്നാലിന്ന് മേൽ പറഞ്ഞ ലക്ഷ്യത്തിന്ന് നേരെ വിരുദ്ധമായി പെരുന്നാൾ ദിവസം ഫിത്വർ സകാത്തിനായി യാചിക്കാനിറങ്ങുന്ന വിരോധാഭാസമാണ് നമുക്ക് കാണാൻ കഴിയുന്നത് പൺഡിതന്മാരും സമുദായ പരിഷ്കർത്താക്കളും ഇതിന്നെതിരിൽ ഉണർന്നു പ്രവർത്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

## എന്തായിരിക്കണം നൽകേണ്ടത്:

അബൂസഈദിൽ ഖുദ്‌രിയ്യ്(ﷺ) പറയുന്നു:

كُنَّا نُخْرِجُ زَكَاةَ الْفِطْرِ إذْ كَانَ فِينَا رَسُولُ اللهِ ﷺ صَاعًا مِنْ طَعَامٍ أَوْ صَاعًا مِنْ شَعِيرٍ أَوْ صَاعًا مِنْ تَمْرٍ أَوْ صَاعًا مِنْ زَبِيبٍ أَوْ صَاعًا مِنْ أَقِطٍ (متفق عليه)

''ഞങ്ങൾ പ്രവാചകൻ(ﷺ) ഞങ്ങളിലുണ്ടായിരുന്ന അവസരത്തിൽ ഒരു സ്വാഅ് വീതം ഭക്ഷണം, ഗോതമ്പ്, കാരക്ക, മുന്തിരി, പാൽക്കട്ടി എന്നിവയയിൽ നിന്നും ഏതെങ്കിലും ഒന്നായിരുന്നു ഫിത്വർ സകാത്തായി നൽകിയിരുന്നത്.''[2]

നബിയും സ്വഹാബികളും ഗോതമ്പ്, മുന്തിരി, ഈത്തപ്പഴം, പാൽക്കട്ടി എന്നിവയൊക്കെ ഫിത്വർ സക്കാ

[1] അബൂദാവൂദ്, ഇബ്നു മാജ. സ്വഹീഹുൽ ജാമിഅ് ലിൽ അൽബാനി 3570.
[2] മുതഫഖുൻ അലൈഹി.

ത്തായി നൽകിയിരുന്നതിനാൽ നാട്ടിലെ പ്രധാന ഭക്ഷണ സാധനങ്ങളാണ് നൽകേണ്ടത് എന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

## ഭക്ഷണസാധനങ്ങളുടെ വില നൽകാമോ ?

ഭക്ഷണസാധനം വാങ്ങിക്കൊടുക്കാൻ വിശ്വസ്തരായ വ്യക്തികളേയോ സകാത്ത് കമ്മിററി ഭാരവാഹികളിൽ ആരെയെങ്കിലുമോ ഉത്തരവാദപ്പെടുത്തി ഭക്ഷണ വസ്തുവിൻെറ വില ഫിത്വറ് സകാത്തായി നൽകാവുന്നതാണ്. സകാത്ത് വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തി മററുള്ളവരെ ഏൽപ്പിക്കുന്നത് പോലെത്തന്നെയാണ് ഇതും കണക്കാക്കപ്പെടുക.

എന്നാൽ അർഹതപ്പെട്ട ആളുകൾക്ക് നാട്ടിലെ മുഖ്യ ആഹാര വസ്തുക്കൾ നൽകുക എന്നതായിരിക്കണം നാം നിർവ്വഹിക്കുന്ന രീതി. നമ്മുടെ യുക്തിയേക്കാൾ സുന്നത്തിനായിരിക്കണം നാം പ്രാമുഖ്യം നൽകുന്നത്. നബി(ﷺ) നാട്ടിലെ ഭക്ഷണ വസ്തുക്കളായിരുന്നു ഫിത്വർ സകാത്തായി നൽകിയിരുന്നത് എന്ന് ഹദീസുകളിലൂടെ നാം മനസ്സിലാക്കിയതാണ്.

## വിതരണ രീതി

മററു സകാത്തുപോലെത്തന്നെ ഫിത്വർസകാത്തും സംഘടിതമായിത്തന്നെയായിരുന്നു നബിയുടേയും സ്വഹാബത്തിൻേറയും പൂർവ്വികരായ ഇമാമുകളുടേയും കാല ഘട്ടത്തിൽ വിതരണം ചെയ്തിരുന്നത്. വ്യ



ക്തി വ്യക്തിക്ക് കൊടുക്കുന്ന സമ്പ്രദായം അക്കാലത്ത് പതിവുണ്ടായിരുന്നില്ല.

**وعن أبي هريرة رضي الله عنه قال وكلني رسول الله صلى الله عليه وسلم بحفظ زكاة رمضان (صحيح مشكاة المصابيح للألباني 1/رقم : 2123)**

''അബൂഹുറൈറ(ﷺ) പറയുന്നു: റമളാനിലെ സകാത്ത് (ഫിത്ർ സകാത്ത്) സൂക്ഷിക്കുവാൻ നബി(ﷺ) എന്നെ ചുമതലപ്പെടുത്തി.''[1]

മേൽ പറയപ്പെട്ട ഹദീസിൽ അബൂഹുറൈറ(ﷺ)വിനെ ഫിത്വർ സകാത്ത് സൂക്ഷിക്കാൻ ചുമതല ഏൽപ്പിച്ചിരുന്നു എന്നതിൽ നിന്നു തന്നെ അത് നേരത്തെ സംഭരിച്ചിരുന്നു എന്നും, ഫിത്വർ സകാത്തും വ്യക്തികൾ നേരിട്ട് നൽകലായിരുന്നില്ല ഇസ്ലാമിൻെറ ആദ്യകാലത്ത് നടപ്പിലുണ്ടായിരുന്ന രീതി എന്നും മനസ്സിലാക്കാം. അതിനാൽ മററു സകാത്തുകളെപ്പോലെ ഫിത്വർ സകാത്തും സംഘടിതമായാണ് നൽകേണ്ടത്. അപ്പോൾ മാത്രമെ അർഹതപ്പെട്ടവർ തഴയപ്പെടാതിരിക്കാനും കഴിയുകയുള്ളൂ.

[1] അൽബാനി മിശ്കാത്തുൽ മസ്വാബീഹ് 1/ നമ്പർ : 2123)

## എപ്പോള്‍ നല്‍കണം

പെരുന്നാള്‍ നമസ്കാരത്തിനു ആളുകള്‍ പുറപ്പെടുന്ന തിനു മുമ്പായി അത് നല്‍കാന്‍ നബി (ﷺ) കല്‍പ്പിച്ചത് മുകളില്‍ കൊടുത്ത ഹദീസില്‍ നിന്നും വ്യക്തമാണ്.

مَــنْ أَدَّاهَا قَبْلَ الصلاَةِ فَهِيَ زَكَاةٌ مَقْبُولَةٌ وَمَنْ أَدَّاها بعْدَ الصلاَةِ فَهِيَ صَدَقَةٌ مِنَ الصدقاتِ (أبو داود وابن ماجة صحيح الجامع للألباني رقم: 3570)

''വല്ലവരും (പെരുന്നാള്‍) നമസ്കാരത്തിനു മുമ്പ് അത് വിതരണം ചെയ്താല്‍ അത് ഫിത്വര്‍ സകാത്തായി. എന്നാല്‍ നമസ്കാരത്തിന് ശേഷം വല്ലവനും നല്‍കുകയാണെങ്കില്‍ അത് കേവലം ഒരു ദാനമായി മാത്രമേ പരിഗണി ക്കുകയുള്ളൂ.''[1]

ഫിത്വര്‍ സകാത്ത് പാവപ്പെട്ടവര്‍ക്ക് പെരുന്നാളാവശ്യത്തിന്ന് ഉപകാരപ്പെടത്തക്കവിധം പെരുന്നാളിന്ന് ഒന്നോ രണ്ടോ ദിവസം മുമ്പ്തന്നെ വിതരണം ചെയ്യാവുന്നതാണ്. അര്‍ഹതപ്പെട്ടവരുടെ വീടുകളിലേക്ക് എത്തിക്കുവാന്‍ അത് ആവശ്യമാണുതാനും. റമദാനിലെ ഏതു ദിവസവും അത് നല്‍കാമെന്നകാര്യം ഇമാം നവവി(:) രേഖപ്പെടുത്തിയിട്ടുണ്ട് (ശറഹുല്‍ മുഹദ്ദ ബ്). മാസപ്പിറവി ഉറപ്പായാല്‍ മാത്രമേ കൊടുത്തു കൂടൂ എന്നില്ല. സ്വഹാബികള്‍ പെരുന്നാളിന്നു മുമ്പു തന്നെ

[1] അബൂദാവൂദ്, ഇബ്നു മാജ. സ്വഹീഹുല്‍ ജാമിഅ് ലില്‍ അല്‍ബാനി 3570.



വിതരണം ചെയ്തിരുന്നതായി ഹദീസ് ഗ്രന്ഥ ങ്ങളില്‍ കാണാവുന്നതാണ്. ഇബ്നു ഉമര്‍(ﷺ) പറയു ന്നത് കാണുക:

وكانوا يُعْطُونَ قَبْلَ الْفِطْرِ بِيَوْمٍ أَوْ يَوْمَيْنِ (البخاري)

''അവര്‍ (സ്വഹാബികള്‍) ഫിത്വര്‍സകാത്ത് പെരുന്നാളിന്‍െറ ഒന്നും രണ്ടും ദിവസം മുമ്പുതന്നെ വിതരണം ചെയ്യാറുണ്ടായിരുന്നു.''[1] സക്കാത്തുകളെല്ലാം പിരിച്ചെടുക്കുന്ന സ്ഥലത്തുതന്നെ വിതരണം ചെയ്യാന്‍ നിര്‍ദ്ദേശിക്കപ്പെട്ടതിനാല്‍ നാം പെരുന്നാള്‍ സമയത്ത് കഴിഞ്ഞു കൂടുന്നിടത്തുതന്നെ കൊടുക്കലാണ് ഉത്തമമായിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്. അപ്രകാരം തന്നെ ഫിത്വ്റ് സകാത്തിന്‍െറ ലക്ഷ്യമായി പാവങ്ങളുടെ ഭക്ഷണവിഷയം എടുത്ത് പറഞ്ഞതുകൊണ്ട് മററു വിഷയങ്ങളേക്കാള്‍ പെരുന്നാളിന്‍െറ ഭക്ഷണ വിഷയത്തിന് തന്നെയാണ് മുന്‍ഗണന നല്‍കേണ്ടത്.

അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. (ആമീന്‍)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

[1] ബുഖാരി.

## ഉള്ളടക്കം


| വിഷയം | പേജ് |
|---|---|
| ആമുഖം المقدمة | 1 |
| സകാത്ത് | 4 |
| സകാത്ത് പൂർവ്വ സമുദായങ്ങളിൽ | 5 |
| സകാത്ത് നിർബന്ധമാണ് | 7 |
| സകാത്ത് നൽകാത്തവർക്കുള്ള താക്കീത് | 11 |
| സകാത്ത് വളർത്തുന്ന സൽഗുണങ്ങൾ | 17 |
| ആർക്കാണ് നിർബന്ധം | 19 |
| സകാത്തും കൊല്ലം തികയലും | 23 |
| സകാത്ത് നിർബന്ധമുള്ള ഇനങ്ങൾ | 24 |
| നാണയത്തിന്റെ സകാത്ത് | 26 |
| കൃഷിയുടെ സകാത്ത് | 30 |
| കച്ചവടത്തിന്റെ സകാത്ത് | 35 |
| കാലികളുടെ സകാത്ത് | 35 |
| നിധി ലഭിച്ചാൽ | 37 |
| ആഭരണത്തിന്റെ സകാത്ത് | 37 |
| സകാത്തിന്റെ അവകാശികൾ | 46 |
| എങ്ങിനെ നൽകണം | 51 |
| സംഘടിത സകാത്ത് നേട്ടങ്ങൾ | 54 |
| സകാത്ത് ദാതാക്കൾക്ക് പ്രാർത്ഥിക്കൽ | 59 |
| സകാത്തും റമദാനും | 61 |
| സകാത്ത് കമ്മിററി | 65 |
| ഫിത്വർ സകാത്ത് | 72 |




## ഓഫീസ് പുറത്തിറക്കിയ മലയാള പുസ്തകങ്ങൾ

| ന | വിഷയം | ഇനം |
|---|---|---|
| 1 | സത്യത്തിലേക്കുള്ള പാത | രചന |
| 2 | മുഹമ്മദ്നബി(സ)ചരിത്രസംഗ്രഹം | ,, |
| 3 | തിരു നബി(സ)യുടെ കൂടെ | ,, |
| 4 | ഹാജിമാരുടെ പാഥേയം | ,, |
| 5 | വൈവാഹിക നിയമങ്ങൾ | ,, |
| 6 | ഹജ്ജും ഉംറയും | വിവർത്തനം |
| 7 | അഹ്ലുസ്സുന്നത്തിവൽ ജമാഅ: | ,, |
| 8 | വിശ്വാസ ദീപ്തി | ,, |
| 9 | ഇരുളും വെളിച്ചവും | ,, |
| 10 | ജുമുഅ; വിധികളും മര്യാദകളും | ,, |

## ഓഫീസ് പുറത്തിറക്കിയ മലയാള ലഘുലേഖകൾ

| ന | വിഷയം | ഇനം |
|---|---|---|
| 1 | മയ്യിത്ത് സംസ്കരണം | രചന |
| 2 | ഹാജിമാർക്കൊരു മാർഗ്ഗരേഖ | ,, |
| 3 | നമസ്കാരത്തിന്റെ പ്രാധാന്യം | ,, |
| 4 | ഇസ്ലാം പ്രകൃതി മതം | ,, |
| 5 | ന്യായവിധി നാൾ | ,, |
| 6 | മുഹർറത്തിന്റെ പ്രാധാന്യം | ,, |
| 7 | പ്രവാചക സ്നേഹം | ,, |
| 8 | പ്രവാചകൻ(സ) പഠിപ്പിച്ച നോമ്പ് | ,, |
| 9 | റജബ് മാസവും അനാചാരങ്ങളും | ,, |
| 10 | ശഅബാനും അനാചാരങ്ങളും | ,, |
| 11 | ഉംറയുടെ രൂപം | ,, |
| 12 | നബി(സ)യുടെ നമസ്കാരം | ,, |
| 13 | ദുൽഹജ്ജിന്റെ ശ്രേഷ്ഠതകൾ | വിവർത്തനം |
| 14 | തവസ്സുൽ | ,, |
| 15 | വിശ്വാസപരമായ താക്കീതുകൾ | ,, |
| 16 | രോഗിയുടെ നമസ്കാരം | ,, |
| 17 | തൗഹീദും ശഹാദത്ത് കലിമയും | ,, |
| 18 | കർമ്മങ്ങളുടെ ശ്രേഷ്ഠതകൾ | ,, |
| 19 | സുപ്രധാന ഫത്‌വകൾ | ,, |